2014 ഫെബ്രുവരി 1-15
കൊച്ചി ഗ്രാമജ്യോതി
GRAMAJYOTHI
www.gramajyothi.com
VOL : 6, ISSUE - 23 Pages 4 ( Annual subscription : Rs. 100 )

# കൊച്ചി ബ്യൂറോ ഉദ്ഘാടനവും ബ്രേക്കിംഗ് ന്യൂസ് എസ് എംഎസ് അലേർട്ട് ഉദ്ഘാടനവും എറണാകുളം പ്രസ് ക്ലബ് ഹാളിൽ

## ഫെബ്രുവരി 1 – രാവിലെ 10.30 ന്

കൊച്ചി : ഗ്രാമജ്യോതിയുടെ കൊച്ചി ബ്യൂറോ ഓഫീസിന്റെ ഉദ്ഘാടനവും ബ്രേക്കിംഗ് ന്യൂസ് എസ് എംഎസ് അലേർട്ടിന്റെ ഉദ്ഘാടനവും പ്രമുഖ വ്യക്തികൾക്ക് ആദരവും എറണാകുളം പ്രസ് ക്ലബ് ഹാളിൽ ഫെബ്രുവരി 1 ന് രാവിലെ 10.30 ന് നടക്കും.

ബ്യൂറോയുടെ ഉദ്ഘാടനം ബഹു. എക്സൈസ് വകുപ്പ് മന്ത്രി കെ ബാബു നിർവ്വഹിക്കും. പ്രൗഢോജ്ജ്വല ചടങ്ങിൽ കൊച്ചി മേയർ ശ്രീ. ടോണി ചമ്മണി അധ്യക്ഷത വഹിക്കും. ഗ്രാമജ്യോതി ബ്രേക്കിംഗ് ന്യൂസ് എസ് എംഎസ് സംവിധാനത്തിന്റെ ഉദ്ഘാടനം മന്ത്രി അനൂപ് ജേക്കബ്ബ് നിർവ്വഹിക്കും. ആദ്യ എസ്എംഎസ് സ്വീകരണം സിനിമാതാരം ശ്രീ. ക്യാപ്റ്റൻ രാജു നിർവ്വഹിക്കും. തദവസരത്തിൽ ഡോ. സെബാസ്റ്റ്യൻ പോൾ, ശ്രീ. കെ എൽ മോഹന വർമ്മ, ശ്രീമതി. ലീലാ മേനോൻ, ശ്രീ. യേശുദാസ് (കാർട്ടൂണിസ്റ്റ്), ശ്രീ. സി ആർ നീലകണ്ഠൻ , ഡോ. പരമേശ്വരൻ നമ്പൂതിരി, ഡോ. വിഷ്ണു നമ്പൂതിരി, ശ്രീ. പത്മകുമാർ, ശ്രീ. ക്യാപ്റ്റൻ രാജു എന്നിവരെ ചടങ്ങിൽ ആദരിക്കും.

കടന്നപ്പള്ളി രാമചന്ദ്രൻ (മുൻ മന്ത്രി), ബെന്നി ബെഹന്നാൻ എംഎൽഎ, ഹൈബി ഈഡൻ എംഎൽഎ, ജോണി നെല്ലൂർ (ഔഷധി ചെയർമാൻ) ചന്ദ്രഹാസൻ വടുതല (ജില്ലാ ഇൻഫർമേഷൻ ഓഫീസർ, രവികുമാർ (പ്രസ് ക്ലബ് പ്രസിഡന്റ്) എസ് ഉണ്ണികൃഷ്ണൻ (പ്രസ് ക്ലബ് സെക്രട്ടറി) ആലപ്പി അഷറഫ്, ശ്രീ. പി എഎം ഇബ്രാഹിം, (വ്യാപാരി വ്യവസായി ഏകോപന സമിതി പ്രസിഡന്റ്) ഇ. പി .ജോർജ്ജ് (ചെയർമാൻ ചേമ്പർ ഓഫ് കൊമേഴ്സ്) തുടങ്ങിയവർ ആശംസകൾ അർപ്പിച്ച് സംസാരിക്കും.

പാലാരിവട്ടം, പുതിയ റോഡിലാണ് കൊച്ചി ബ്യൂറോയുടെ ഓഫീസ് ഇപ്പോൾ പ്രവർത്തിക്കുന്നത്.

Email:
gramajyothikcohi@gmail.com
www.gramajyothi.com

സുഹൃത്തേ,

മലയാളമെന്ന വികാരം നെഞ്ചിലേറ്റുന്ന മൂന്നരകോടി ജനങ്ങളെയും മനസ്സിൽ നമിക്കട്ടെ. ഗ്രാമജ്യോതി എറണാകുളറം ജില്ലാ ബ്യൂറോ 2014 ഫെബ്രുവരി 1 രാവിലെ 10.30 ന് ഉദ്ഘാടനം ചെയ്യപ്പെടുകയാണ്.

നിരുത്തരവാദപരമായ ഭരണ സംഹിതിക്കെതിരെ മൗനം വെടിയേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞു. സമൂഹത്തിൽ നീതി നിഷേധിക്കപ്പെടുന്നത് സാമ്പത്തിക ദുർബലതയുള്ളവർ മുതൽ ഭരണകർത്താക്കളുടെ അഴിമതിക്ക് കൂട്ടു നിൽക്കാത്ത ഉന്നതർ വരെയുണ്ട് എന്ന യാഥാർത്ഥ്യ ബോധം നിലനിർത്തി തന്നെ കാര്യങ്ങളെ അവയുടെ പ്രധാന്യത്തോടെ കാണണം. മാറ്റം വരേണ്ടത് ഒരു വ്യക്തിയല്ല മറിച്ച് ഭരണസംവിധാനങ്ങൾക്കാണ്. പണവും സ്വാധീനവുമുണ്ടെങ്കിൽ ഏത് നിയമത്തിനെയും തങ്ങളുടെ വരുധിയിൽ വരുത്തുവാൻ കഴിയുമെന്ന വ്യവസ്ഥകൾക്ക് അറുതി വന്നേ പറ്റു. നിയമങ്ങൾ പലരിൽ പലതുപോലെ ഉപയോഗിക്കേണ്ട ഒന്നല്ല. ജനാധിപത്യ ത്തിൽ ഒരേ അളവുകോൽ കൊണ്ടു മാത്രം നിയമ നടപടികൾ നടപ്പിലാക്കാവൂ. പഞ്ചായത്തു മുതൽ സെക്രട്ടറിയേറ്റു വരെ നീളുന്ന അഴിമതി ഉൻമൂലനം ചെയ്യാൻ സമഗ്രമായ ജനകീയ പ്രതികരണം വരേണ്ട സമയം അതിക്രമിച്ചു

ആഗോളവൽക്കരണ കാലത്ത് സമൂഹത്തിലെങ്ങും അതിജീവിക്കുന്നവൻ ജീവിച്ചാൽ മതിയെന്ന ആശയം രൂഢമൂലമാകുകയാണ്. അതാണ് മത്സരാധിഷ്ഠിതമായ സ്വഭാവം എല്ലാ മേഖലകളിലും കാണാൻ കഴിയുന്നത്. പൊതുജനത്തിലുള്ള വിശ്വാസ്യത യാണ് എല്ലാ മാധ്യമങ്ങളുടെയും നിലനിൽപ്പ്. നിലനിൽപ്പിനും അതിജീവനത്തിനുമായി ചെയ്യുന്ന ചെറിയ തെറ്റുകൾ പോലും, മാധ്യമ സ്ഥാപനങ്ങളുടെ വിശ്വാസ്യതയെ തന്നെ പുതു തലമുറ ചോദ്യം ചെയ്യപ്പെടും.

ഫലശൂന്യമായ രാഷ്ട്രീയ കലഹങ്ങളിൽ നിന്നും വികസനോൻമുഖമായ ഭരണ സംസ്കാരത്തിലേക്ക് രാഷ്ട്രീയ ചിന്താധാരയെ വഴിമാറ്റേണ്ടതുണ്ട്. വ്യക്തിവൈരാഗ്യമോ സ്വാർത്ഥതാൽപ്പര്യമോ ഞങ്ങളുടെ സമീപനത്തെ സ്വാധീനിക്കില്ല. സാമുദായികമോ മതപരമോ ആയ ഭിന്നതകളോ കലാപങ്ങളോ നാടിന്റെ വളർച്ചയുടെ വഴികളിൽ പ്രതിസന്ധി തീർക്കാതിരിക്കാനും ഗ്രാമജ്യോതി ജാഗ്രത പുലർത്തുന്നതാണ്.

തിന്മകൾ അതിന്റെ എല്ലാ ആസുരതയോടുകൂടി പുനരവതരിച്ചു കൊണ്ടിരിക്കുമ്പോൾ സാമൂഹ്യമായ തിരിച്ചറിവിലേക്ക് കേരള ജനതയെ ഉണർത്തുക എന്ന ധർമ്മം ഗ്രാമജ്യോതി എക്കാലവും നിലനിർത്തി പോന്നിട്ടുണ്ട്. മതനിരപേക്ഷ മാനവിക മൂല്യങ്ങളുടെ സംരക്ഷണത്തിനും നേരിന്റെയും നെറിയുടേയും നവമാധ്യമ സംസ്കാരത്തിനും പ്രാമുഖ്യം നൽകിയുള്ള ഞങ്ങളുടെ ശ്രമങ്ങൾക്ക് എല്ലാവിധ പിന്തുണയുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മലയാളികളായ നമ്മുടെ സിരകളിലൊഴുകുന്ന മലയാള ഭാഷയുടെ കരുത്തും സൗന്ദര്യവും ഉൾക്കൊണ്ട് ഗ്രാമജ്യോതിയുടെ ഈ വളർച്ചയ്ക്ക് വളമിട്ട എല്ലാവരെയും സ്മരിച്ച്, നേർവഴി കാട്ടേണമേ എന്ന പ്രാർത്ഥനയോടെ ഗ്രാമജ്യോതി കൊച്ചി ബ്യൂറോയും, ഓൺലൈൻ ചാനലിന്റെ ബ്രേക്കിംഗ് ന്യൂസ് എസ് എംഎസ് അലേർട്ട് സംവിധാനവും സമർപ്പിക്കുന്നു.

**കെ. ആർ. രതീഷ്**
**മാനേജിംഗ് എഡിറ്റർ**

## പച്ചക്കടൽ ചുവന്ന ഭൂമി നീല ആകാശം

# കൊച്ചി : ഇന്നലെ, ഇന്ന്, നാളെ....



**ജി കെ നമ്പൂതിരി**

**കെച്ചി :** കടലും കായലും തീർക്കുന്ന പ്രകൃതി സൗന്ദര്യം നിറഞ്ഞു നിൽക്കുന്ന കൊച്ചി.വിവിധ സംസ്ക്കാരങ്ങളുടേയും ജീവിതങ്ങളുടോയും വിളനിലമായ കൊച്ചി. പൂത്തുലഞ്ഞു നിൽക്കുന്ന പൂവരശും തിങ്ങി വളരുന്ന പച്ച ചീരകൾ, നിരനിരയായി തലയുയർത്തി നിൽക്കുന്ന തെങ്ങുകളും വർണ പകിട്ടേകുന്ന നഗരം. പരന്നു കിടക്കുന്ന ഉൾപ്രദേശങ്ങൾ .മൊട്ടകുന്നുകളം താഴവരകളും ചതുപ്പു നിലങ്ങലും നിറഞ്ഞ അറബിക്കടലിന്റെ റാണി-ബ്രിട്ടീഷ് സഞ്ചാരിയും ചരിത്രകാരനുമായ അലൻ ലോസൻ തന്റെ കുറിപ്പുകളിൽ കൊച്ചിയെ ഓർമ്മിക്കുന്നതിങ്ങനെ.

എന്നാൽ കാലത്തിന്റെ ഗതിവിഗതികളിൽ കൊച്ചിയുടെ ചക്രവാളത്തിന്റെ രൂപവവും ാവവും മാറി. കൊച്ചിയുടെ ജീവിത ശൈലിയും സ്വ ാവവും സമീപനവും തിരക്കിലമരുന്ന നഗരകൊച്ചിയുടെ ഇന്നലകളുടെ ഓർമ്മകളായി. ചരിത്രം കൂകി കിതച്ചുപോയ പാളങ്ങളിൽ നിന്ന് അതിവേഗവികസനത്തിന്റെ മെട്രോ പാളങ്ങളിലേക്ക് പ്രതീക്ഷയുടെ തൂണുകൾ നാട്ടി നഗരം കാത്തിരിക്കുന്നു. ലോകത്തെ ഏതൊരു വൻ നഗരത്തെയും പിന്നിലാക്കുന്ന വികസനത്തിന്റെ നടക്കല്ലുകളിലേക്ക് ആവേശത്തോടെ കുതിച്ചു കയറുകയാണ് കൊച്ചി. ഇന്ന് പറയാതെ വയ്യ, നഗരവൽക്കരണവും വികസനവും കൊച്ചിയിലെ ജീവിതങ്ങളെ വീർപ്പുമുട്ടിക്കുന്നു. വാഹനങ്ങളുടെ ഇരമ്പലുകളും വർണക്കാഴ്ചകൾ നിറഞ്ഞ ആഘോഷരാവുകളും ഷോപ്പിംഗ് മാളുകളിലെ വിസ്മയങ്ങളിൽ അലിഞ്ഞു ചേരുന്ന യൗവനവും കൊച്ചിയുടെ പുതിയ മുഖമാകുന്നു.

ചരിത്രകാലം മുതൽ തുറമുഖ നഗരമായ കൊച്ചിയിൽ തുറമുഖ ധിഷ്ഠിതമായിരുന്നു വികസന പ്രവർത്തനങ്ങളും . തുറമുഖങ്ങൾ കേന്ദ്രീകരിച്ച് തുടക്കമിട്ട വാണിജ്യ ബന്ധങ്ങളിൽ നിന്ന് വ്യാവസായിക വിനോദ സഞ്ചാര മേഖലകളിലേക്ക് വളർച്ച അതിവേഗം വ്യാപിച്ചു.തുറമുഖാധിഷ്ഠിത മേഖലയിൽ 20000 കോടിയുടെ നിക്ഷപമാണ് അടുത്ത എട്ടു പത്തു വർഷത്തിനുള്ളിൽ കൊച്ചിൻ പോർട്ട് ലക്ഷ്യം വയ്ക്കുന്നത്. വല്ലാർപാടം ടെർമിനൽ. സ്പെഷ്യൽ ഇക്കണോമിക് സോൺസ്, പുതുവൈപ്പിനിലെ എൽഎൻജി ടെർമിനൽ,ബങ്കറിംഗ് ടെർമിനൽ, ക്രൂയിസ് ടെർമിനൽ, ആഴക്കടൽ തുറമുഖം, ബിപിസിഎല്ലിന്റെ എസ്പിഎം പദ്ധതി, വില്ലിംഗ്ടൺ ഐലന്റിന്റെ സമഗ്രവികസനം അങ്ങനെ നീളുന്നു കൊച്ചിയുടെ തുറമുഖ വികസനം.

2006 ലെ കേന്ദ്ര സർക്കാർ വിജ്ഞാപനം അനുസരിച്ച് വല്ലാർപാടം സെസിലാണ് വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ. നിരവധി അന്താരാഷ്ട്ര കപ്പലുകൾക്ക് നങ്കൂരമിടാനും വാണിജ്യ വ്യാവസായിക രംഗത്ത് വൻ വിപ്ലവമാണ് ടെർമിനലിന്റെ വരവോടെ സാധ്യമായത്. ആഡംബര യാത്രാ കപ്പലുകൾ ഏറ്റവുമധികം എത്തുന്ന കൊച്ചിയിൽ ഒരു ക്രൂയിസ് ടെർമിനൽ നിർമ്മിക്കാനുള്ള പദ്ധതികളും നടന്നു വരുന്നു. ഇന്ത്യയിലെ ആദ്യത്തെ ക്രൂയിസ് ടെർമിനലാണ് ഇത്. വിദേശ കപ്പലുകൾക്ക് ഇന്ധനം നിറയ്ക്കുന്നതിനുള്ള ബങ്കറിംഗ് ടെർമിനൽ നിർമാണവും പുരോഗമിക്കുന്നു. പുറം കടലിൽ വച്ച് ക്രൂഡ് ഓയിൽ ശേഖരിക്കാനുള്ള എസ്പിഎം പദ്ധതി ബിപിസിഎൽ പൂർത്തികരിച്ചു കഴിഞ്ഞു.

5000 കോടി ചെലവിൽ നിർമ്മിക്കുന്ന കൊച്ചി മെട്രോയിൽ 2017 ഓടെ ആദ്യ ട്രെയിനെത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഡിഎംആർസിയുടെ സഹകരണത്തോടെ കെഎംആർസി നിർമ്മിക്കുന്ന കൊച്ചി മെട്രോ ഗതാഗതക്കുരുക്കിൽ ഞെരിഞ്ഞമരുന്ന കൊച്ചി നിവാസികൾക്ക് വൻ പ്രതീക്ഷ നൽകുന്നു. ലോക്കോ പൈലറ്റില്ലാത്ത ആദ്യ മെട്രോ ട്രെയിനും 2017ൽ കൊച്ചിയെ വിസ്മയിപ്പിക്കാനെത്തും. ഇൻഫർമേഷൻ ടെക്നോളജിയുടെ വരവോടെ ടെക്കികളുടെ ഹോട്ട് സ്പോട്ടായി മാറി കൊച്ചി. മികച്ച ബാൻഡ് വിഡ്ത്ത് സൗകര്യങ്ങളോടെ വേഗതയേറിയ ഇന്റർനെറ്റ് ആക്സസിബിലിറ്റി കൊച്ചിയെ ഐടി ഹബ്ബാക്കി. ഇൻഫോ പാർക്കും നവീന ആശങ്ങളുള്ള പുതു സംര കരുടെ സ്റ്റാർട്ട് അപ് വില്ലേജുകളും കൊച്ചിയെ തൊഴിലന്വേഷകരുടെ ഇഷ്ട ലൊക്കോഷനാക്കി മാറ്റി.

സ്പെഷ്യൽ ഇക്കണോമിക് സോണിൽ തുടക്കമിട്ട ഐടി സേവന കേന്ദ്രമായ സ്മാർട്ട് സിറ്റിയുടെ നിർമ്മാണ പ്രവർ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ് . 90000 പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന 2000 കോടിയുടെ പദ്ധതി രാജ്യത്തെ ഏറ്റവും വലിയ ഐടി പാർക്കാകും.

വിനോദസഞ്ചാര മേഖലയിലെ കൊച്ചിയുടെ സ്ഥാനം വളരെ വലുതാണ്. ചരിത്രവും സംസ്ക്കാരവും ഇഴചേർന്ന ഫോർട്ട് കൊച്ചിയിലെ ജൂത തെരുവുകളും മട്ടാഞ്ചേരി സിനഗോഗും കൊച്ചിയെ സഞ്ചാരികളുടെ പറുദീസയാക്കുന്നു. കടലും കായലും ചീനവലകളും മത്സ്യസമ്പത്തും കൊച്ചിയിൽ വൈവിധ്യമേറിയ കാഴ്ച വിരുന്നൊരുക്കുന്നു.

ഐടിക്കും ടൂറിസത്തിനും മുൻപ് കൊച്ചിയിൽ നിരവധി വ്യവസായ ശാലകളുയർന്നിരുന്നു. എഫ്എസിടിയും, ഫിലിപ്സ് കാർബൺ ലിമിറ്റഡ് കമ്പനിയും കൊച്ചിൻ റിഫൈനറിയും, അപ്പോളോ ടയേഴ്സും എച്ച്എംടിയും റൈസ് മില്ലുകളും കൊച്ചിയുടെ വ്യവസായ വിപ്ലവത്തിന് ആക്കം കൂട്ടിയിരുന്നു. വിഷപ്പുക തുപ്പിയ വാഹനക്കൂട്ടങ്ങൾ കൊച്ചിയുടെ നിരത്തുകൾ കൈയടക്കിയപ്പോൾ പുതിയ റോഡുകളും പാലങ്ങളും ഫ്ളൈ ഓവറുകൾക്കും കൊച്ചി കോർപ്പറേഷൻ പദ്ധതിയിട്ടു. ഒപ്പം ടോളും പിരിച്ചു തുടങ്ങി. നഗരതിരക്ക് കുറയ്ക്കാൻ റോഡ് റെയിൽ ജലഗതാഗത സംവിധാനങ്ങളെ സംയോജിപ്പിച്ചുകൊണ്ട് വൈറ്റില മൊബിലിറ്റി ഹബ്ബ് 2012ൽ പ്രവർത്തനം തുടങ്ങി.

വ്യാവസായിക വിപ്ലവവും നഗരവൽക്കരണവും കൊച്ചിയുടെ ചലനത്തിന് വേഗം കൂട്ടിയപ്പോൾ ഇവയുടെ പരിണിതഫലമായി പിന്നിൽ കുമിഞ്ഞു കൂടുന്ന മാലിന്യ കൂമ്പാരത്തെയും അഴുക്കുജലം പൊട്ടിയൊലിച്ച ഓടകളേയും ആരും തുടക്കത്തിൽ ശ്രദ്ധിച്ചതേയില്ല. പുതിയ ജീവിതശൈലികൾ രോഗശയ്യയിലാക്കിയ നഗരവാസി ആരോഗ്യം വീണ്ടെടുക്കാൻ പ്രഭാത സവാരിക്കിറങ്ങിയപ്പോൾ വൃത്തിഹീനമായ തെരുവുകളിലെ അസഹ്യമായ ദുർഗന്ധം കൊണ്ട് മൂക്കുപൊത്തി. ജീവിത സൗകര്യങ്ങൾ വർധിച്ചതിനൊപ്പം രോഗങ്ങളും പകർച്ചവ്യാധികളും കൊണ്ട് പൊറുതിമുട്ടിയ നഗരവാസി ആശുപത്രി വരാന്തകളിൽ നിരന്നിരിന്നു.

നഗരജീവിതത്തിന്റെ പുത്തൻ ആഘോഷങ്ങൾ മാളുകളിലേക്ക് ചേക്കേറിയ കാലമാണിത്. ഒന്നിനു പുറകേ ഒന്നായി നിരവധി മാളുകൾ നഗരത്തിൽ പ്രവർത്തനം തുടങ്ങി. ലുലു മാൾ, ഒബറോൺ, ഗോൾഡ് സൂക്ക്, ന്യൂക്ലിയസ, ബേപ്രൈഡ് അങ്ങനെ മാൾ സംസ്കാരവും കൊച്ചിയിൽ പടരുകയാണ്. ആഗോള വൽക്കരണത്തിന്റെ ഭാഗമായി സംസ്ക്കാരവും ജീവിതരീതികളം വസ്ത്ര സങ്കൽപ്പങ്ങളും പുത്തൻ രുചിഭേദങ്ങളും നമ്മുടെ നാട്ടിലേക്ക് ഇറക്കുമതി ചെയ്യപ്പെട്ടപ്പോൾ കൊച്ചിയതിന്റെ പ്രധാന ഉപഭോക്താവായി.

(ശേഷം മൂന്നാം പേജിൽ)






## എഡിറ്റോറിയൽ

# കാർഷിക മേഖല പുനരുജ്ജീവിപ്പിക്കാൻ പുതിയ പദ്ധതികൾ അനിവാര്യം

**കാ**ർഷിക സമ്പദ് വ്യവസ്ഥയിലാണു കേരളം കെട്ടിപ്പടുത്തത്. പ്രകൃതിയെ ആശ്രയിച്ച കൃഷിയായിരുന്നു സംസ്ഥാനത്തിൻറെ സാമ്പത്തിക അടിത്തറയുടെ നട്ടെല്ല്.

കാൽ നൂറ്റാണ്ടിനുള്ളിൽ കണ്ട ഏറ്റവും കനത്ത വരൾച്ചയാണു സംസ്ഥാനം ഇപ്പോൾ അഭിമുഖീകരിക്കുന്നത്. പ്രധാന ജലസ്രോതസുകളെല്ലാം വറ്റിവരണ്ടു. ജല സംഭരണികൾ ചെളിക്കുളങ്ങളായി. മിക്ക ജില്ലകളിലും ഠ കുടിവെള്ള ക്ഷാമം രൂക്ഷം. വേനൽ കനക്കുന്നതിന് ഇനിയും മൂന്നു മാസങ്ങൾ ബാക്കി നിൽക്കുന്നു. വരാനിരിക്കുന്ന മാസങ്ങൾ എങ്ങനെയായിരിക്കുമെന്ന ത് പ്രവചനാതീതം.

സംസ്ഥാനത്ത് പാതി വഴിയിൽ ഉപേക്ഷിക്കപ്പെട്ട ജലസേചന പദ്ധതികൾ പുനരുജ്ജീവിപ്പിക്കാൻ നടപടിയുണ്ടാകണം. നാൽപ്പത്തിനാലു പുഴകൾ ഉണ്ടായിട്ടും വരണ്ടുണങ്ങിയ കേരളത്തിലേക്ക് പഴങ്ങളും പച്ചക്കറിയും എത്തിക്കുന്ന തമിഴകം ഓരോ തുള്ളി വെള്ളവും കേരളത്തിൽ നിന്നും കർണാടകത്തിൽ നിന്നും ഇരന്നു വാങ്ങുകയാണെന്നു മറക്കരുത്. കൃഷ്ണയും കാവേരിയും കബനിയും മുല്ലപ്പെരിയാറുമൊന്നും തമിഴ്നാടിൻറേതല്ല. പക്ഷേ, ഈ നദികൾ ചുരത്തുന്ന ഓരോ തുള്ളി വെള്ളവും സ്വന്തം മണ്ണിലെത്തിക്കാൻ തമിഴ്നാട്ടിലെ ദ്രാവിഡ പാർട്ടികളും അവർ നയിക്കുന്ന സർക്കാരുകളും കാണിക്കുന്ന അത്യുത്സാഹം കേരളം എന്നു പാഠമാക്കും?

നമൂവാറ്റുപുഴ ജലസേചന പദ്ധതിയുടെ അവസ്ഥയും ഏതാണ്ട് ഇതു തന്നെ. സഹസ്ര കോടികൾ ഒഴുക്കിക്കളഞ്ഞിട്ടും കേരളത്തിൻറെ കാർഷിക മേഖലയ്ക്ക് തരിമ്പും പ്രയോജനം ചെയ്തില്ല, രണ്ടു പദ്ധതികളും. വേനൽക്കാലത്ത് പ്രധാന കനാലുകൾ വഴി വെള്ളം ഒഴുക്കിവിടുന്നത് സമീപത്തെ കിണറുകളിൽ ജലനിരപ്പ് ഉയർത്തുമെന്ന ആശ്വാസമുണ്ടായിരുന്നു. ഇക്കുറി അണക്കെട്ടുകളിൽ ജലവിതാനം കുറഞ്ഞതിനാൽ അതിനും സാധ്യതയില്ല. ജല ദൗർലഭ്യം മൂലം കാർഷിക മേഖല അതീവ ഗുരുതരമായ പ്രതിസന്ധിയിലാണ്. സംസ്ഥാന സർക്കാരാവട്ടെ, നിശബ്ദം ഈ പ്രതിസന്ധിയെ അഭിമുഖീകരിക്കുകയും ചെയ്യുന്നു.

കടക്കെണിയും ഉത്പാദന നഷ്ടവും മൂലം വലയുന്ന സാധാരണ കൃഷിക്കാർക്ക് ഈ വേനൽ കൂനിന്മേൽ കുരുവാകുമെന്ന് തീർച്ച. വാർഷിക വിളകൾ മാത്രമല്ല, വൻകിട തോട്ടം വിളകളും ഇപ്പോൾത്തന്നെ പ്രതിസന്ധിയിലാണ്. സമസ്ത നാഡികളിലും തളർച്ച ബാധിച്ച കാർഷിക മേഖലയ്ക്കു താങ്ങാകാൻ സർക്കാർ അടിയന്തരമായി ഇടപെട്ടേ മതിയാകൂ

ഇപ്പോൾ കേരളത്തിൽ സംഭരിക്കുന്ന നെല്ല് അയൽ സംസ്ഥാനങ്ങളിൽ കൊണ്ടു പോകുകയാണു പതിവ്. അല്ലെങ്കിൽ കേരളത്തിലെ സ്വകാര്യ മില്ലുകളിലേയ്ക്ക്. പാടശേഖരങ്ങളുള്ള പ്രദേശങ്ങളിൽ നെല്ലു സംസ്കരണത്തിനുള്ള സ്ഥാപനങ്ങളും സർക്കാരിനു സ്ഥാപിക്കാനാകും. തൊഴിലാളികളുടെ കൂട്ടായ ഉടമസ്ഥതതയിലോ സഹകരണ മേഖലയിലോ സർക്കാർ നേരിട്ടോ സംസ്കരണ ശാലകൾ സ്ഥാപിച്ചാൽ ഇടനിലക്കാരുടെയും സ്വകാര്യ കുത്തകകളുടെയും ചൂഷണത്തിൽ നിന്നും കർഷകരെയും ഉപഭോക്താക്കളെയും മോചിപ്പിക്കാം.

ഉപജീവനത്തിനു വഴിമുട്ടുന്നവർ പാടശേഖരങ്ങൾ മുറിച്ചു വിൽക്കാനും നിർബന്ധിക്കപ്പെട്ടു. ഫ്ളാറ്റുകളും ഫാക്റ്ററികളും പാടശേഖരങ്ങൾ കൈയടക്കി തുടങ്ങി. ഇതിനൊരവസാനം കാണണം എന്ന നിലയിലാണു നെൽവയൽ, നീർത്തട സംരക്ഷണ നിയമം സർക്കാർ കൊണ്ടുവന്നത്. ഇതിലാകട്ടെ ഇടയ്ക്കിടെ വെള്ളം ചേർക്കുകയും ചെയ്തു. സാധാരണക്കാരൻ കിടപ്പാടത്തിനായി അഞ്ചു സെൻറ് നികത്തിയാൽ ക്രിമിനൽ കേസെടുക്കുന്ന ഉദ്യോഗസ്ഥരും രാഷ്ട്രീയ നേതൃത്വവും , വ്യവസായങ്ങളുടെ മറവിൽ ഏക്കറുകണക്കിനു പാടശേഖരങ്ങളും നീർത്തടങ്ങളും നികത്താനുള്ള നിർദേശം നിവേദനങ്ങൾക്കു ചുവട്ടിലെഴുതി തുല്യം ചാർത്തുന്നു. ഇങ്ങനെ നികത്തപ്പെടുന്ന പാടശേഖരങ്ങൾക്കു നടുവിൽനിന്ന് കാർഷിക സംസ്കാരത്തെ കുറിച്ചു പ്രസംഗിക്കുകയും പ്രതിഷേധിക്കുകയും ചെയ്യും. രാഷ്ട്രീയ -ഉദ്യോഗസ്ഥരുടെ ഈ നിലപാടിലാണു മാറ്റം വരേണ്ടത്, വരുത്തേണ്ടത്.

# കൊച്ചി : ഇന്നലെ, ഇന്ന്, നാളെ....

(ഒന്നാം പേജിൽ നിന്നും തുടർച്ച)

കുടിവെള്ളവും മലിനമാകുന്ന വായുവും മാലിനയപ്രശ്നങ്ങളുമാണ് കൊച്ചിയുടെ ഏറ്റവും വലിയ ദുരന്തങ്ങളായി പരിണമിച്ചു. ഭൗമശാസ്ത്രപരവും പാരിസ്ഥിതികവുമായ പ്രത്യേകതകളെ കണക്കിലെടുക്കാതെ നടപ്പാക്കിയ വികസന വഴികളിൽ ഈ ദുരന്തങ്ങൾ ഒരു ചോദ്യചിഹ്നമായി ഇന്നും നിൽക്കുന്നു കൊച്ചിക്കും അങ്കമാലിക്കും ഇടയിലുള്ള അമ്പതോളം ചെറുതും വലുതുമായ വ്യവസായശാലകൾ പെരിയാറിനെ മലിനമാക്കുന്നു.2002ലെ കണക്കുകൾ പ്രകാരം ഉപയോഗിക്കുന്ന വെള്ളത്തിൻ്റെ 75 ശതമാനം മലിനജലമായി തിരിച്ച് പുഴയിലേക്കെത്തുന്നു. കൊച്ചി നഗരത്തിൽ നിന്ന് 255 മില്യൺ ലിറ്ററിലധികം മലിനജലമാണ് ഉൽപാദിപ്പിക്കപ്പെടുന്നത്.

നഗരത്തിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിൽ കോളിഫോം ബാക്ടീരിയുടെ അളവ് വൻതോതിൽ വർധിക്ക്ുന്നതായി ലാബറട്ടറി പഠനങ്ങൾ തെളിയിക്കുന്നു. കുടിവെള്ളത്തിൽ മാരകമായ വിഷം കലർന്നതായി കണ്ടെത്തിയതിനെത്തുടർന്ന് കുടിവെള്ളവിതരണത്തിന് കോർപ്പറേഷൻ ശക്തമായ നിയന്ത്രണങ്ങളാണ് കൊണ്ടു വന്നത്. മാലിന്യപ്രശ്നത്തിന് പരിഹാരമായി സ്ഥാപിക്കപ്പെട്ട ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാൻ്റിൻ്റെ ശോചനീയ സ്ഥിതി പത്രങ്ങളിൽ വാർത്തയായിട്ട് അധിക കാലമായിട്ടില്ല. നഗരത്തിൻ്റെ മാലിന്യം മുഴുവൻ ഏറ്റുവാങ്ങുന്ന പ്ലാൻ്റിൻ്റെ ശേഷി സംബന്ധിച്ച് തുടക്കം മുതൽ ആശങ്കകൾ നിലനിന്നിരുന്നു. പദ്ധതി നടത്തിപ്പിലെ പോരായ്മകൾക്ക് ഇതിലും വലിയ ഉദാഹരണം ചൂണ്ടിക്കാട്ടേണ്ടതില്ല.

1967 നവംബർ ഒന്നിനാണ് കൊച്ചി കോർപ്പറേഷൻ രൂപീകൃതമായത്.എഎ കുഞ്ഞുണ്ണിയായിരുന്നു ആദ്യ രണസാരഥി. മേയർമാരായി ടിഎം അബു, എസി, ജോർജ്, കെഎം ഹംസക്കുഞ്ഞ്, എ ശേഷാദ്രി, ജേക്കബ് പള്ളത്, കെ ബാലചന്ദ്രൻ, ഇകെ നാരായണൻ, കെഎസ്എൻ മേനോൻ, പ്രൊഫ. മാത്യു പൈലി, ടിഎം മുഹമ്മദ്, സിഎ മാധവൻ, കെജെ സോഹൻ, കെഎ ഉമ്മർ, കെകെ സോമസുന്ദരപ്പണിക്കർ, സിഎം ദിനേശ് മണി, പ്രൊഫ. മേഴ്സി വില്ല്യംസ്, ടോണി ചമ്മണി ഇവരാണ് തുടർന്നു വന്ന സാരഥികൾ.

കൊച്ചി പഴയ കൊച്ചിയല്ല ഇന്ന്. ചരിത്രം തുടങ്ങിയ കാലത്തു നിന്ന് കൊച്ചി കയറിപ്പോയ പടവുകളിൽ നിന്ന് തിരിഞ്ഞു നോക്കുമ്പോൾ കൊച്ചിയുടെ സുന്ദരമുഖത്തിനുമേൽ വികസനത്തിൻ്റെ ദൂഷ്യങ്ങൾ നിഴലിക്കുന്നു. കുടിവെള്ളവും വായുവും പരിസരവും മലിനമാക്കപ്പെട്ട ഇന്നത്തെ കൊച്ചിയുടെ അവസ്ഥയിൽ നിന്ന് ഭാവിയിലെ വികസന സാധ്യതകളിലേക്കുള്ള വഴികളിലെങ്കിലും ജാഗ്രത പുലർത്താൻ ശ്രമിക്കേണ്ടിയിരിക്കുന്നു. ഐടി, ഐടി അധിഷ്ഠിത വ്യവസായങ്ങളിൽ പ്രതീക്ഷപുലർത്തിയാണ് നാളത്തെ വികസന സങ്കൽപ്പങ്ങൾ രൂപപ്പെടുന്നത് ഇതു മനസിലാക്കി പരിസ്ഥിതി സൗഹൃദ വികസന വഴികളിലേക്ക് ട്രാക്ക് മാറാൻ മെട്രോ കൊച്ചിയുടെ കുതിപ്പിന് കഴിയണം. ഇ -വേസ്റ്റ് അടക്കമുള്ള പുതിയ ഭീഷണികളിൽ നാളത്തെ സ്മാർട്ട് കൊച്ചി പകച്ചു നിൽക്കരുത്.

# വി എസിനെതിരായ അന്ത്യശാസനം; സംസ്ഥാന നേതൃത്വം കൊടുക്കുന്ന അവസാന താക്കീത്

**പി ഡി ജോസ്**

തിരുവനന്തപുരം: വി എസ് അച്യുതാനന്ദനെതിരെ പരസ്യ അന്ത്യശാസനം പുറപ്പെടുവിക്കാൻ സിപിഎം സംസ്ഥാന നേതൃത്വം തയ്യാറായത് അദ്ദേഹത്തെ പ്രതിപക്ഷ നേതാവു സ്ഥാനത്തു നിന്നു മാറ്റാനും പാർട്ടിയിൽ നിന്ന് സസ്പെൻഡ് ചെയ്യാനും കേന്ദ്ര നേതൃത്വത്തിൻ്റെ അനുമതി ലഭിക്കില്ലെന്ന് ഉറപ്പായതോടെ. എങ്കിലും ഔദ്യോഗിക പക്ഷത്തിൻ്റെ കൂട്ടായ തീരുമാനത്തിൻ്റെ അടിസ്ഥാനത്തിൽ ഒരുവട്ടംകൂടി ശ്രമിക്കുന്നതിൻ്റെ ഭാഗമായാണ് കേന്ദ്രത്തിനു ശുപാർശ നൽകാൻ സംസ്ഥാന കമ്മിറ്റി തീരുമാനിച്ചത്.

മാത്രമല്ല, ഇത് പാർട്ടി നടപടി ക്രമങ്ങളുടെ ഭാഗമാണുതാനും. വി എസിനെതിരെ അച്ചടക്ക നടപടി എടുക്കണം എന്നാണ് സംസ്ഥാന കമ്മിറ്റി കേന്ദ്ര കമ്മിറ്റിയോട് ആവശ്യപ്പെട്ടിരിക്കുന്നത്. ടി പി ചന്ദ്രശേഖരൻ വധക്കേസിൽ സിബിഐ അന്വേഷണം വേണമെന്ന കെ കെ രമയുടെ ആവശ്യത്തെ പരസ്യമായി പിന്തുണച്ചതും കണ്ണൂർ പാനൂരിലെ ബിജെപി വിമതരെ സിപിഎമ്മിൽ എടുക്കാൻ തീരുമാനിച്ചതിനെ എതിർത്തതുമാണ് വി എസിനെതിരായ പുതിയ കുറ്റപത്രം.

എന്നാൽ നേരത്തേ വി എസിനെ പ്രതിപക്ഷ നേതാവു സ്ഥാനത്തു നിന്ന് മാറ്റാൻ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടെങ്കിലും കേന്ദ്ര നേതൃത്വം അത് അംഗീകരിച്ചിരുന്നില്ല. ആ അനുഭവം ഔദ്യോഗിക പക്ഷത്തിൻ്റെ മനസിലുണ്ട്. അതുകൊണ്ടാണ് ഇത്തവണയും കേന്ദ്രത്തിന് കത്ത് അയയ്ക്കുന്നതിനു മുമ്പുതന്നെ പരസ്യ അന്ത്യശാസന പത്രക്കുറിപ്പായി പുറത്തിറക്കിയത്. അതാകട്ടെ വി എസിന് സംസ്ഥാന നേതൃത്വം കൊടുക്കുന്ന അവസാന താക്കീതിൻ്റെ സ്വഭാവമുള്ളതായിതാനും. വി എസിനെതിരെ നടപടിക്ക് കേന്ദ്ര നേതൃത്വം വിസമ്മതിച്ചാലും കേരള നേതൃത്വം അദ്ദേഹത്തെ പുറംതള്ളിയിരിക്കുന്നു എന്ന സന്ദേശം തന്നെയാണ് അവരുദ്ദേശിക്കുന്നതത്രേ.

ലോക്സഭാ തെരഞ്ഞെടുപ്പിനു മുന്നോടിയായി പിണറായി വിജയൻ നയിക്കുന്ന കേരളരക്ഷാ യാത്ര ഫെബ്രുവരി 1നു തുടങ്ങാനിരിക്കുകയാണ്. അതിൽ സംസ്ഥാനത്ത് ഒരിടത്തുപോലും വി എസിൻ്റെ സാന്നിധ്യം ഉണ്ടാകരുത് എന്നാണ് ഔദ്യോഗിക പക്ഷം ആഗ്രഹിക്കുന്നത്. കഴിഞ്ഞ തവണ പിണറായി നയിച്ച നവകേരള യാത്രയോട് വി എസ് നിസഹകരിക്കുകയും സമാപന സമ്മേളനം ശംഖുമുഖത്ത് ചേർന്നപ്പോൾ പിണറായി പരസ്യമായി വി എസിനെ പരിഹസിക്കുകയും ചെയ്തത് വൻ ചർച്ചയായിരുന്നു.

'മെരവൗവേമിമിറമികടലിലെ വെള്ളമായിരിക്കുമ്പോൾ തിരയാകാൻ കഴിയുന്നതുപോലെ ബക്കറ്റിലെ വെള്ളത്തിനു കഴിയില്ലെന്നാണ് പാർട്ടിയിൽ നിന്നു വേറിട്ടു നിന്ന് വി എസ് നടത്തുന്ന നീക്കങ്ങളെക്കുറിച്ച് അന്ന് പിണറായി പറഞ്ഞത്. ഇത്തവണ സമാപനത്തിനു വി എസ് ഉണ്ടാകാതിരിക്കാനാണ് ഔദ്യോഗിക പക്ഷ നീക്കമെന്നാണു വിവരം.

# നീര ഉത്പാദനത്തിന് ഉത്തരവിറക്കുന്നില്ല; നാളികേര കർഷകർ പ്രതിഷേധിച്ചു

കോതമംഗലം: നീര ഉത്പാദനത്തിനുള്ള മന്ത്രിയോഗത്തിലെ തീരുമാനങ്ങൾക്ക് ഗവൺമെൻ്റ് ഉത്തരവ് ഇറക്കാത്തതിൽ നാളികേര ഉത്പാദക സംഘം കർഷകർ പ്രതിഷേധിച്ചു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും തെരഞ്ഞെടുക്കപ്പെട്ട നാളികേര ഉത്പാദക ഫെഡറേഷനുകൾക്കും നീര ഉത്പാദിപ്പിക്കുന്നതിനുള്ള അനുവാദം നൽകണമെന്ന് നിശ്ചയിച്ചിരുന്നതാണ്. എന്നാൽ എക്സൈസ് വകുപ്പ് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നില്ലെന്നും ആരോപണമുണ്ട്. നീര ഉത്പാദിപ്പിക്കാനുള്ള അനുവാദം ഫെഡറേഷനുകൾക്ക് ഉടൻ നൽകണമെന്ന് യോഗം ആവശ്യപ്പെട്ടു. സംഘം പ്രസിഡൻ്റ് ജോർജ് തോമസ് മങ്ങാട്ട് അധ്യക്ഷത വഹിച്ചു. സുനിൽ സിറിയക്, കെ.ജെ മാത്യു, സേവ്യർ ജോസഫ്, ബേബിച്ചൻ എന്നിവർ പ്രസംഗിച്ചു.

# സൈമറിൽ ഗർഭകാല സംരക്ഷണ പദ്ധതി




എറണാകുളം: ചേരാനല്ലൂരിലെ സൈമർ ഹോസ്പിറ്റലിൻറെ നേതൃത്വത്തിൽ ആരംഭിച്ച ഗർഭകാല സംരക്ഷണ ബോധവൽക്കരണ പരിപാടിയായ മാജിക്ക് ഒഫ് മദർ ഹുഡിൻറെ (മം) ഭാഗമായി ഫെയ്സ്ബുക്ക് പേജിൻറെ ഉദ്ഘാടനം നടി പൂർണിമ ഇന്ദ്രജിത്ത് നിർവഹിച്ചു. അച്ഛനും അമ്മയുമാകാൻ തയാറെടുക്കുന്നവരെ ഉദ്ദേശിച്ചാണു പരിപാടി. ഗർഭകാലത്തെകുറിച്ചുള്ള തെറ്റിദ്ധാരണകളും യാഥാർഥ്യങ്ങളും, ഗർഭകാലത്തു പാലിക്കേണ്ട പഥ്യാഹാരക്രമം, അച്ഛനാകാൻ പോകുന്നവർ അറിയേണ്ടത്, പ്രസവവേദന മധ്യേ അമ്മയുടെ ആത്മവിശ്വാസം, കുഞ്ഞു മാലാഖയെ എങ്ങനെ വരവേൽക്കണം തുടങ്ങിയ വിഷയങ്ങൾ ഇതിൽ പ്രതിപാദിക്കും.

സെമിനാറിൽ ഗർഭകാലത്തെ വിവിധ വിഷയങ്ങളിൽ സൈമറിലെ വിദഗ്ദ്ധ ഗൈനക്കോളജിസ്റ്റുകൾ, പീഡിയാട്രിഷ്യൻമാർ, ഡയറ്റീഷൻമാർ, ഫിസിയോ തെറാപ്പിസ്റ്റുകൾ എന്നിവർ സംസാരിച്ചു. ചടങ്ങിൽ സൈമർ ചെയർമാൻ ഡോ. കെ.കെ. ഗോപിനാഥൻ, എംഡി ചിത്ര ഗോപിനാഥൻ, മെഡിക്കൽ ഡയറക്റ്റർ പരശുറാം ഗോപിനാഥ്, സിഇഒ ഗോകുൽ ഗോപിനാഥ്, ഡോ. മീനു പരശുറാം എന്നിവർ പങ്കെടുത്തു.

# ഇരുമ്പനം ജംഗ്ഷൻ്റെ നവീകരണം രണ്ടു ഘട്ടങ്ങളായി പൂർത്തീകരിക്കാൻ നിർദേശം

**സ്വന്തം ലേഖിക**

കൊച്ചി: സീ പോർട്ട്-എയർപോർട്ട് റോഡ് ദേശീയപാതയുമായി സന്ധിക്കുന്ന ഇരുമ്പനം ജംഗ്ഷൻ്റെ നവീകരണം രണ്ടു ഘട്ടമായി പൂർത്തീകരിക്കാൻ ജില്ലാ വികസന സമിതി യോഗം നിർദേശം നൽകി. ഫ്രീ ലെഫ്റ്റിന് സൗകര്യമൊരുക്കുന്നതിനൊപ്പം സിഗ്നലുകളും തെരുവുവിളക്കുകളും സ്ഥാപിക്കുന്നതിനുള്ള പദ്ധതിയാണു തയാറാക്കിയിരിക്കുന്നത്. പദ്ധതിക്കായി കൊച്ചി റിഫൈനറി 50 ലക്ഷം രൂപ അനുവദിച്ചു. ഒരു കോടി രൂപയാണ് എസ്റ്റിമേറ്റ്. ലഭ്യമായ തുക ഉപയോഗിച്ച് പദ്ധതിയുടെ ആദ്യ ഘട്ടം നടപ്പാക്കും. ഇതു സംബന്ധിച്ച് ഫെബ്രുവരി ഒന്നിന് യോഗം ചേരുമെന്നു കളക്ടർ അറിയിച്ചു.

വൈറ്റില-കാക്കനാട് ബോട്ട് സർവീസ് ഇൻഫോപാർക്കു വരെ നീട്ടണമെന്നു ബെന്നി ബഹനാൻ എംഎൽഎ യോഗത്തിൽ ആവശ്യപ്പെട്ടു. വൈറ്റില ഹബ്ബിലെ ജെട്ടിയിൽ ടോയ്‌ലറ്റടക്കമുള്ള സൗകര്യങ്ങളും ഡീസൽ സ്റ്റോക്ക് ചെയ്യാനുള്ള സംവിധാനവും ഒരുക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ഇതു സംബന്ധിച്ചു നടപടി സ്വീകരിക്കാൻ യോഗം തീരുമാനിച്ചു. കാക്കനാട്-തങ്കളം റോഡിനു സൗജന്യമായി സ്ഥലം വിട്ടു നൽകിയവരുടെ പോക്കുവരവു നടപടികൾ ഇനിയും പൂർത്തിയാക്കിയിട്ടില്ലെന്നു ടി.യു. കുരുവിള എംഎൽഎ ചൂണ്ടിക്കാട്ടി. പിണ്ടിമനയിൽ പോളിടെക്നിക്ക് സ്റ്റേഡിയത്തിനായി അടിച്ച മണ്ണ് കടത്തിക്കൊണ്ടു പോകുന്നവർക്കെതിരെ നടപടി സ്വീകരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ചിറ്റൂർ, വടുതല, ചേരാനല്ലൂർ മേഖലയിൽ കുടിവെള്ളക്ഷാമം രൂക്ഷമാണെന്നു ഹൈബി ഈഡൻ എംഎൽഎ ചൂണ്ടിക്കാട്ടി. അതോടൊപ്പം മരട് മേഖലയിലെ കുടിവെള്ള പ്രശ്നം ചെയർമാൻ ടി.കെ. ദേവരാജൻ വാട്ടർ അഥോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി. തമ്മനം പമ്പ് ഹൗസിലേക്കു കുറഞ്ഞ അളവിൽ വെള്ളം ലഭിക്കുന്നതാണു പ്രശ്നത്തിനു കാരണമെന്നു വാട്ടർ അഥോറിറ്റി അധികൃതർ പറഞ്ഞു. സൂപ്രണ്ടിംഗ് എൻജിനീയർ യോഗം വിളിച്ച് പ്രശ്നം ചർച്ച ചെയ്യുമെന്നു കളക്ടർ നിർദേശിച്ചു.

മൂവാറ്റുപുഴയാറിലേക്കു കക്കൂസ് മാലിന്യം തള്ളുന്നവർക്കെതിരെ നടപടി സ്വീകരിക്കണമെന്നു മന്ത്രി അനൂപ് ജേക്കബിൻ്റെ പ്രതിനിധി ഏലിയാസ് മങ്കിടി ആവശ്യപ്പെട്ടു. തദ്ദേശസ്ഥാപനങ്ങളിൽ സെപ്റ്റിക് മാലിന്യ സംസ്കരണത്തിനു പ്ലാൻ്റുകൾ സ്ഥാപിച്ചു പ്രശ്നത്തിനു ശാശ്വത പരിഹാരം കാണാനാണ് ശ്രമമെന്നു കളക്ടർ പറഞ്ഞു. 18 വയസ് വരെയുള്ളവർക്കു സൗജന്യ ചികിത്സ നൽകുന്നതിനുള്ള ആരോഗ്യകിരണം പദ്ധതിയിൽ പേവിഷ പ്രതിരോധ ചികിത്സയും ഉൾപ്പെടുത്തണമെന്ന് സർക്കാരിനു ശിപാർശ ചെയ്യാനും യോഗം തീരുമാനമെടുത്തു. കൊതുകു നിവാരണ പ്രവർത്തനങ്ങൾക്കു റസിഡൻ്റ്സ് അസോസിയേഷനുകളുമായി സഹകരിച്ചു തദ്ദേശസ്ഥാപനങ്ങൾ പ്രവർത്തിക്കണമെന്നു കളക്ടർ നിർദേശിച്ചു.

# ജാതിമത സമവാക്യങ്ങൾ ഈ തിരഞ്ഞെടുപ്പിൽ പ്രസക്തമാകില്ല : ഒ രാജഗോപാൽ

തിരുവനന്തപുരം: ലോക്സഭയിൽ ഇത്തവണ കേരളത്തിൽ നിന്നും ഒരു ബിജെപി എം പി ഉണ്ടാകുമെന്ന് ബിജെപിയുടെ മുതിർന്ന നേതാവ് ഒ രാജഗോപാൽ പറഞ്ഞു. അടിയന്തരാവസ്ഥയെ അനുസ്മരിപ്പിക്കുന്ന ഒരു സാഹചര്യമാണ് ഇപ്പോൾ രാജ്യത്ത് നിലനിൽക്കുന്നത്. അതിനാൽ തന്നെ ഈ സാഹചര്യത്തിനെതിരായി ബിജെപിയെ ജനങ്ങൾ തിരഞ്ഞെടുക്കും.

തൻ്റെ പാർട്ടി ആവശ്യപ്പെട്ടാൽ തിരുവനന്തപുരത്ത് വീണ്ടും മൽസരിക്കുമെന്നും രാജഗോപാൽ പറഞ്ഞു. മൽസരിക്കണമെന്ന് താൻ താൽപര്യ പ്പെട്ടിട്ടില്ല. പക്ഷേ അണികൾ നിർബന്ധിക്കുന്നുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

ബിജെപി പ്രധാനമന്ത്രി സ്ഥാനാർത്ഥി നരേന്ദ്രമോഡിക്ക് മികച്ച പ്രതിഛായയാണുള്ളത്. ഇത് കേരളത്തിലും ചലനങ്ങളുണ്ടാക്കും. അദ്ദേഹം മന്ത്രിസഭയുണ്ടാക്കുകയാണെങ്കിൽ കേരളത്തിൽ നിന്നും ഒരു മന്ത്രിയും ലോക്സഭാംഗവും ഉണ്ടാകും. ജാതിമത സമവാക്യങ്ങളൊന്നും ഈ തിരഞ്ഞെടുപ്പിൽ പ്രസക്തമാകില്ലെന്നും അദ്ദേഹം വ്യക്തമാകുന്നു.

# സ്വകാര്യ ബസുകൾ മരണപ്പാച്ചിലിൽ: മരണ ഭീതിയിൽ യാത്രക്കാർ; നപടിയെടുക്കാതെ അധികൃതർ

**ആശ**

വൈറ്റില: മുളന്തുരുത്തി മേഖലയിൽ സ്വകാര്യ ബസുകളുടെ അമിതവേഗതയിലുള്ള മരണപ്പാച്ചിൽ കാരണം യാത്രക്കാർ ഭീതിയിലായിരിക്കുകയാണ്. എറണാകുളംപിറവംകൂത്താട്ടുകുളം റൂട്ടിൽ സഞ്ചരിക്കുന്ന സ്വകാര്യ ബസുകളാണ് യാത്രക്കാർക്ക് വില്ലനായി തീർന്നിരിക്കുന്നത്. മേഖലയിൽ സഞ്ചരിക്കുന്ന കെ. എസ്.ആർ.ടി.സി ബസുകളുടെ മുന്നിലെത്താനുള്ള ശ്രമത്തിലാണ് അമിത വേഗതഎടുക്കുന്നത്.

നടക്കാവ് വഴി പോകുന്ന ബസുകളും ചോറ്റാനിക്കര റൂട്ടിൽ ഓടുന്ന ബസുകളും ഒരേ സമയത്ത് വരുന്നതും തർക്കത്തിനിടയാക്കുന്നുണ്ട്. സ്റ്റോപ്പുകളിൽ യാത്രക്കാരെ ഇറക്കി വിടുന്നതിന് മുൻപ് ബസ് പോകുന്നതും സ്റ്റോപ്പുകളിൽ ബസുകൾ നിർത്താതെ ദൂരെ മാറ്റി നിർത്തിയ ശേഷം ആളുകളെ കയറ്റാതെ പോകുന്നതും സ്ഥിരം സംഭവമാണ്.

സ്ത്രീ യാത്രക്കാരോട് മോശമായി പെരുമാറുന്ന തൊഴിലാളികളും വർധിക്കുന്നതായി പരാതിയുണ്ട്. വൃദ്ധരും, കൈകുഞ്ഞുങ്ങളുമായി യാത്രചെയ്യുന്നവരേപ്പോലും വേഗത്തിൽ ബസിൽ നിന്നും ഇറക്കി വിടാൻ തൊഴിലാളികൾ ശ്രമിക്കുന്നതായി വ്യാപക പരാതിയുണ്ട്. സ്കൂൾകോളജ് വിദ്യാർത്ഥിനികളോട് മോശമായി പെരുമാറുന്നതാണ് തൊഴിലാളികൾക്കെതിരേയുള്ള മറ്റൊരാരോപണം. പെൺകുട്ടികളെ പുരുഷൻമാരുടെ ഭാഗത്തേക്ക് ഇറങ്ങി നിൽക്കാൻ കണ്ടക്ടർമാർ ഒച്ചവെക്കുന്നതായാണ് പരാതി. ബസ് ജീവനക്കാർക്കെതിരേ പരാതിപ്പെട്ടാൽ പിന്നീട് പ്രശ്നമാകുമെന്ന് ഭയപ്പെട്ടാണ് സ്കൂൾകോളജ് വിദ്യാർത്ഥികൾ പരാതിപ്പെടാൻ മടിക്കുന്നത്.

ഇതിനെതിരേ നടപടി എടുക്കേണ്ട പോലീസ് അധികൃതർ യാതോരു നടപടിയും സ്വീകരിക്കാതെ സ്വകാര്യ ബസുകളുടെ മരണപ്പാച്ചിലിന് മൗന അനുവാദം നൽകുകയാണ്. ആഴ്ചകൾക്ക് മുമ്പ് മുളന്തുരുത്തിയിൽ യാത്രക്കാർ ഇറങ്ങുന്നതിനു മുമ്പ് സ്വകാര്യ ബസ് മുന്നോട്ട് എടുക്കാൻ തുടങ്ങിയപ്പോൾ ബസിലുണ്ടായിരുന്നവർ ഒച്ചവെച്ചതിനാൽ വൻ ദുരന്തം ഒഴിവായി.

സ്വകാര്യ ബസുകളുടെ അമിത വേഗത അവസാനിപ്പിക്കാൻ പോലീസ് നടപടി സ്വീകരിക്കണമെന്ന് യാത്രക്കാർ ആവശ്യപ്പെട്ടു.

സ്റ്റോപ്പുകളിൽ ബസുകൾ നിർത്തി യാത്രക്കാരെ കയറ്റുകയും ഇറങ്ങേണ്ട സ്ഥലത്ത് സുരക്ഷിതമായി ഇറങ്ങാൻ യാത്രക്കാരെ സഹായിക്കുകയും ചെയ്യേണ്ട ബസ് തൊഴിലാളികൾ യാത്രക്കാരോട് മോശം സമീപനമാണ് പ്രകടിപ്പിക്കുന്നത്. ഇതിനെതിരേ പോലീസ് അധികൃതർ ശക്തമായ നപടി സ്വീകരിക്കണമെന്ന് യാത്രക്കാർ ആവശ്യപ്പെട്ടു.

# പ്രവചനങ്ങളിലെ വേറിട്ട ശൈലിയുമായി കുന്നത്തൂരില്ലത്ത് വിഷ്ണു നമ്പൂതിരി

**അഞ്ജലി സുനിൽ**



വേദചക്ഷുസ്സാണ് ജ്യോതിഷം. കാലത്തിൻ്റെ കാണാപ്പുറങ്ങൾ പ്രവചിക്കാൻ ദൈവദത്തമായി ലഭിക്കുന്ന അനുഗ്രഹം.

കാലത്തിൻ്റെ ഗതിവിഗതികൾ രാശിപ്പലകയിലൂടെ ഗണിച്ച് ജാതകനു പറഞ്ഞു കൊടുക്കുന്നവരാണ് ജ്യോതിഷികൾ. സൗരമണ്ഡലത്തിൽ സൂക്ഷ്മ രൂപത്തിൽ സ്ഥിതിചെയ്യുന്ന ബലാബലങ്ങളുടെ പരിവർത്തന സ്ഥിതികളെ സൂക്ഷ്മദർശനം ചെയ്തിട്ടുള്ള ശാസ്ത്രമാണ് ജ്യോതിശാസ്ത്രം ജ്യോതിശാസ്ത്രത്തെയും . ഭൂതാവി വർത്തമാന കാലത്തിൻ്റെ സൂക്ഷ്മാംശങ്ങളെയും വിശകലനം ചെയ്ത് വരും വരായ്കളെ പ്രവചിക്കുന്നവരാണ് പ്രവാചകൻമാർ. ഈ രണ്ടു മേഖലകളിലും അഗ്രഗണ്യനാണ് ജ്യോതിഷം ജീവിത സപര്യയാക്കിയ പറവൂർ കുന്നത്തൂരില്ലത്ത് വിഷ്ണു നമ്പൂതിരി. പൂർവ്വികരിൽ നിന്ന് ജ്യോതിഷം ഹൃദിസ്ഥമാക്കിയ വിഷ്ണു നമ്പൂതിരി കേരളത്തിൻ്റെ ആദ്ധ്യാത്മിക ജ്യോതിഷ സാംസ്ക്കാരിക മേഖലകളിൽ ശ്രദ്ധേയനാണ്.നക്ഷത്ര ജ്യോതിഷ സിദ്ധാന്തപ്രകാരം സമീപകാലത്ത് ശ്രദ്ധേയമായ പ്രവചനങ്ങൾ നടത്തി അവയെല്ലാം യാഥാർത്ഥ്യമായപ്പോൾ കേരളം വിഷ്ണു നമ്പൂതിരിയിലൂടെ ജ്യോതിഷാസ്ത്രത്തിൻ്റെ അനന്തസാധ്യതകൾ തിരിച്ചറിയുകയായിരുന്നു

പൗരാണിക ശാസ്ത്രജ്ഞൻമാർ ഭൂമിയിൽ ജനിക്കുന്ന ഓരോ വ്യക്തിയുടെയും ജീവിതത്തിൽ ഗ്രഹങ്ങൾ ചെലുത്തുന്ന സ്വാധീനം ജ്യോതിഷത്തിലൂടെ കണ്ടെത്തിയിരുന്നു. ഭാരതത്തിലെ മഹാജ്ഞാനികായ മഹർഷിമാർ വേദകാലം മുതൽ തന്നെ ജന്മസിദ്ധമായ ആദ്ധ്യാത്മിക ജ്ഞാനത്തിലൂടെ ലോകത്തിൻ്റെ ഗതിവിഗതികൾ പ്രവചിച്ചവരാണ്.

സമകാലീന കേരളത്തിൽ ജ്യോതിഷത്തിൻ്റെ പുണ്യത്തിലൂടെ കലാ സാംസ്ക്കാരിക രാഷ്ട്രീയ രംഗത്തെ പ്രമുഖരായ നിരവധി പേരുടെ ഭാവി പ്രവചിച്ച വിഷ്ണു നമ്പൂതിരി ജ്യോതിഷ പ്രവചനത്തെ ഗവേഷണ ബുദ്ധിയോടെ സമീപിക്കുകയും സ്വയം സമർപ്പണത്തിലൂടെ തൻ്റെ മേഖലയിൽ വ്യക്തിമുദ്ര പതിപ്പിക്കുകയും ചെയ്ത ജ്യോതിശാസ്ത്രജ്ഞനാണ്. പയ്യന്നൂർ സ്വദേശിയായ തന്ത്രി ബ്രഹ്മശ്രീ കുന്നത്തൂരില്ലത്ത് കേശവൻ നമ്പൂതിരിയുടെ മകനായ ഇദ്ദേഹം ബാല്യത്തിൽ തന്നെ പൂജാദി കർമ്മങ്ങൾ അ ഭ്യസിച്ച് സമാവർത്തനത്തിന് ശേഷം ചിറ്റന്നൂർ ശ്രീകൃഷ്ണ ക്ഷേത്രത്തിലെ പൂജാദി കർമ്മങ്ങളിൽ വ്യാപൃതനായി. വിദ്യാ ഭ്യാസത്തിനു ശേഷം തിരുവന്തപുരത്തെ പ്രധാന ക്ഷേത്രങ്ങളിൽ പൂജാരിയായി. പ്രശസ്തരായ ആചാര്യന്മാരുടെ കീഴിൽ നക്ഷത്രജ്യോതിഷം അഭ്യസിച്ചു. തിരുവന്തപുരം ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിൽ മുറജപത്തിൽ പങ്കെടുത്തതും പുളിയമ്പിള്ളി നമ്പൂരിയച്ചൻ ആലിൻ വൃക്ഷപൂജ ഹോമം നടത്തിയതും പറവൂർ ദക്ഷിണ മൂകാംബിക ക്ഷേത്രത്തിൽ പത്തുവർഷം തുടർച്ചയായി വിദ്യാരംഭം നടത്താൻ സാധിച്ചതും ഈശ്വരനുഗ്രഹമായി കരുതുന്ന വിഷ്ണു നമ്പൂതിരി ജ്യോതിഷത്തിലെ തൻ്റെ പ്രവചനങ്ങളെയെല്ലാം ഈശ്വരനിൽ അർപ്പിക്കുകയാണ്.

ജ്യോതിഷരംഗത്തെ അദ്ദേഹത്തിൻ്റെ സമഗ്ര സംഭാവനകൾ പരിഗണിച്ച് കലാകേരളവും കേരളകൗമുദി യും പൊന്നാടയണിയിച്ച് ആദരിച്ചു. ജ്യോതിഷസന്ദേശം മാസികയടെ ജ്യോതിഷ ആചാര്യ ശ്രേഷ്ഠ പുരസ്ക്കാരം, ശ്രീചിത്തിര തിരുനാൾ സ്മാരക പുരസ്ക്കാരം, നവരസ സംഗീത പ്ര പ്രതി പുരസക്കാരം തുടങ്ങിയ പുരസ്ക്കാരങ്ങളും അദ്ദേഹത്തെ തേടിയെത്തി. കൊളംബോ യൂണിവേഴ്സിറ്റിയിൽ നിന്ന് നക്ഷത്ര ജ്യോതിഷത്തിന് പിഎച്ച്ഡി നേടിയിട്ടുണ്ട്. നക്ഷത്ര സമയത്തെ അടിസ്ഥാനമാക്കി സൂക്ഷ്മസ്ഫുടങ്ങളോടു കൂടിയ ഗ്രഹസ്ഥിതിയും ഭാവങ്ങളും അടയാളപ്പെടുത്തി ഗ്രഹങ്ങളുടെ ഭാവങ്ങളുടെ രാശിസ്ഥിതിയും നക്ഷത്ര സ്ഥിതിയും വച്ച് പല ഭാവങ്ങളുമായി ഒരേ സമയത്ത് വരുനന ബന്ധവും കണക്കിലെടുത്ത് ഫലപ്രവചനം നടത്തുന്ന രീതിയാണ് നക്ഷത്ര ജ്യോതിഷം. ഭാരതീയ ജ്യോതിഷത്തിൽ അധികമാരും പിൻതുടരാത്ത ഈ ശൈലി അനുഷ്ഠാനത്തിലൂടെ സ്വായത്തമാക്കിയ വിഷ്ണു നമ്പൂതിരി ഈ മേഖലയിലെ പ്രശസ്തനാണ്

വിദ്യാഭ്യാസം .തൊഴിൽ, വിവാഹം,കുടുംബം, ദാമ്പത്യം,ശത്രുദോഷം, തുടങ്ങിയ ജീവിത പ്രശ്നങ്ങൾക്ക് പരിഹാരം തേടി നിരവധി ആളുകൾ അദ്ദേഹത്തെ തേടിയെത്തുന്നുണ്ട്. പ്രശ്നപരിഹാരമായി ഗണപതിഹോമം, ഗവതി സേവ, മൃത്യുഞ്ജയഹോമം,മഹാസുദർശനഹോമം,നവഗ്രഹശാന്തി ഹോമം,സ്വയംവര പൂജ, ഉമാമഹേശ്വര പൂജ തുടങ്ങി നിരവധി പൂജകൾ ചെയ്യുകയും ഏലസ്സുകൾ പൂജിച്ച് നൽകുകയും ചെയ്യുന്നു. മൂകാംബികദേവിയുടേയും പുളിയാമ്പുള്ളി നമ്പൂതിരിയച്ഛൻ്റെയും ഉപാസകമായ അദ്ദേഹത്തിൻ്റെ വടക്കൻ പറവൂർ ലൈബ്രറി റോഡിലുള്ള ശ്രീമൂകാംബിക ജ്യോതിഷാലയത്തിൽ പ്രശ്നപരിഹാരങ്ങൾ തേടിയെത്തുന്നവർ നിരവധിയാണ്. അവിടെ ജ്യോതിഷത്തിലൂടെ മാർഗ നിർദേശങ്ങൾ നൽകി കർമ്മനിരതനായി വിഷ്ണു നമ്പൂതിരിയുണ്ട്.


അത്യാധുനിക ചികിത്സ മിതമായ നിരക്കിൽ



# കൊച്ചി മെട്രോ, മണൽ പ്രതിസന്ധി ഉടൻ പരിഹരിക്കും: ഇ.കെ. ഭരത് ഭൂഷൺ

കൊച്ചി: കൊച്ചി മെട്രോയുടെ നിർമാണത്തിൽ അഭിമുഖീകരിക്കുന്ന മണൽ പ്രതിസന്ധി ഉടൻ പരിഹരിക്കുമെന്ന് ചീഫ് സെക്രട്ടറി ഇ.കെ. ഭരത് ഭൂഷൺ അറിയിച്ചു. മണൽ കണ്ടെത്തുന്നതിന് മെട്രോ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സർക്കാറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

നദികളുടെ ഒഴുക്കില്ലാത്ത ഭാഗത്തുനിന്ന് മണ്ണെടുക്കുന്നതിന് നിലവിലുണ്ടായിരുന്ന നിരോധനം നീക്കിയിട്ടുണ്ട്. ഇത് മെട്രോയ്ക്കും പ്രയോജനകരമാകും. ക്വാറികളിൽ നിന്ന് എം.സാൻഡ് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളിലും ഇളവ് വന്നിട്ടുണ്ട് കൊച്ചി മെട്രോയുടെ ഡയറക്ടർ ബോർഡ് യോഗത്തിനു ശേഷം അദ്ദേഹം പറഞ്ഞു.

അതേസമയം കൊച്ചി മെട്രോയുടെ അവസാന റീച്ച് നിർമാണത്തിലെ അപാകങ്ങൾ പരിഹരിക്കുമെന്ന് ഡയറക്ടർബോർഡ് യോഗത്തിൽ കേന്ദ്ര നഗരവികസന വകുപ്പ് സെക്രട്ടറി സുധീർകൃഷ്ണ പറഞ്ഞു. സൗത്ത് മുതൽ പേട്ട വരെയുള്ള നിർമാണ കരാർ 'ഇറാങ്കണി'നെയാണ് ഏല്പിച്ചിരുന്നത്. നിർമാണത്തിലെ അപാകവും കാലതാമസവും മൂലം ഇവരുടെ നിർമാണ മേഖല ഭാഗികമായി വെട്ടിക്കുറച്ചിട്ടുണ്ട്. ഈ ഭാഗത്തെ നിർമാണം റീ ടെൻഡർ ചെയ്യുന്ന തടക്കമുള്ള കാര്യങ്ങളിൽ വരും ദിവസങ്ങളിൽ തീരുമാനമുണ്ടാകും.

മെട്രോയ്ക്ക് അനുബന്ധമായി കൊച്ചിയിലെ ഗതാഗത സംവിധാനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഏകീകൃത മെട്രോപൊളിറ്റൻ ഗതാഗത അതോറിട്ടി (ഉംട്ട) താമസിയാതെ യാഥാർത്ഥ്യമാകും. ഇതിന്റെ നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്. ഒരു ടിക്കറ്റുപയോഗിച്ച് ബോട്ടിലും ബസ്സിലും മെട്രോയിലുമെല്ലാം യാത്ര ചെയ്യാൻ ഇതുവഴി സാധ്യമാകും.

മെട്രോയുമായി ബന്ധപ്പെട്ട തൊഴിൽത്തർക്കങ്ങളെല്ലാം ഉടൻ പരിഹരിക്കുമെന്ന് കൊച്ചി മെട്രോ റെയിൽ മാനേജിങ് ഡയറക്ടർ ഏലിയാസ് ജോർജ് പറഞ്ഞു. കാസ്റ്റിങ് യാർഡുകളിലെ തർക്കം പരിഹരിക്കുന്നതിന് ജില്ലാ കളക്ടർ പി.ഐ. ഷെയ്ക്ക് പരീതിന്റെ നേതൃത്വത്തിൽ ശ്രമം നടക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

# യൂസഫലി ഭൂമികയ്യേറിയെന്ന ആരോപണം: ജില്ലാ കമ്മറ്റിയുടെ റിപ്പോർട്ട് തള്ളി

തിരുവനന്തപുരം: എം.എ യൂസഫലി ഭൂമികയ്യേറിയെന്ന ആരോപണം അന്വേഷിക്കാൻ രൂപവൽക്കരിച്ച കമ്മീഷൻ റിപ്പോർട്ട് സിപിഎം സംസ്ഥാന കമ്മറ്റി തള്ളി. എറണാകുളം ജില്ലാ കമ്മറ്റിയുടെ അന്വേഷ റിപ്പോർട്ടാണ് സംസ്ഥാന സമിതി തള്ളിയത്. ഇക്കാര്യത്തിൽ സംസ്ഥാന സെക്രട്ടറി നേരത്തെ നിലാപാട് വ്യക്തമാക്കിയിട്ടുള്ളതാണ്. എം എ യൂസഫലി അടക്കമുള്ള വ്യവസായികളോട് ശത്രുത വേണ്ടെന്നും സംസ്ഥാന സമിതി ജില്ലാ കമ്മിറ്റിയെ താക്കീത് ചെയ്തു.

നിയമാനുസൃതമായാണ് യൂസഫലി ഭൂമി വാങ്ങിയതെന്നും ഇക്കാര്യത്തിൽ ജില്ലാനേതൃത്വം വിവാദം ഉണ്ടാക്കുന്നത് ശരിയല്ലെന്നും സംസ്ഥാന സമിതി വിലയിരുത്തി.ബോൾഗാട്ടിയിലെ കൺവൻഷൻ സെന്ററിനെതിരായും ഇടപ്പള്ളിയിലെ ലുലു മാളിനെതിരായുമാണ് ജില്ലാ കമ്മറ്റി ആരോപണമുന്നയിച്ചത്. തുടർന്നാണ് കെ. ചന്ദ്രൻപിള്ള, പി. രാജീവ് എന്നിവരെ അംഗങ്ങളാക്കി അന്വേഷണ കമ്മീഷൻ രൂപവൽക്കരിച്ചത്.

ഈ വിഷയത്തിൽ ജില്ലാ നേതൃത്വം വിവാദം ഉണ്ടാക്കിയത് അനാവശ്യമാണെന്നും നിയമലംഘനങ്ങൾ നടന്നതായി കോടതി പോലും കണ്ടെത്തിയിട്ടില്ലെന്നും പിണറായി വിജയൻ വിലയിരുത്തി.

ലുലു മാളിനായി യൂസഫലി ഭൂമി കയ്യേറിയിട്ടില്ല. സ്വന്തം ഭൂമിയിലാണ് യൂസഫലി കെട്ടിടം പണിതതെന്നും സംസ്ഥാന സമിതി വ്യക്തമാക്കി.

യൂസഫലിയുടെ ബോൾഗാട്ടിയിലെ കൺവെൻഷൻ സെന്ററിനെതിരായും ലുലുമാളിനെതിരായുമായിരുന്നു എറണാകുളം ജില്ലാ കമ്മിറ്റി ആരോപണം ഉന്നയിച്ചത്. ഇതേ തുടർന്ന് ആരോപണം അന്വേഷിക്കാൻ പാർട്ടി കമ്മീഷനെ നിയോഗിക്കുകയും ചെയ്തു.

ബോൾഗാട്ടി ഇടപാടിൽ ക്രമക്കേടുണ്ടെന്നും പോർട്ട് ട്രസ്റ്റിന് നഷ്ടമുണ്ടായെന്നും ജില്ലാ കമ്മിറ്റി നിയോഗിച്ച കമ്മീഷൻ കണ്ടെത്തുകയും ചെയ്തു. എന്നാൽ സംസ്ഥാന കമ്മിറ്റി ഇടപെട്ട് റിപ്പോർട്ടിൻമേലുള്ള തുടർനടപടികൾ നിർത്തിവെക്കുകയായിരുന്നു.

## ഫെയ്സ് ബുക്ക് കേരളത്തിൽ കഴിഞ്ഞ വർഷം രജിസ്റ്റർ ചെയ്തത് 154 കേസുകൾ

തിരുവനന്തപുരം : ഫെയ്സ്ബുക്ക് വഴി വ്യക്തികളെ അപമാനിക്കുന്ന തരത്തിലുള്ള സന്ദേശങ്ങൾ പോസ്റ്റ് ചെയ്തതിന് കഴിഞ്ഞ വർഷം കേരളത്തിൽ 154 കേസുകൾ രജിസ്റ്റർ ചെയ്തതായി ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല. ഇതിൽ 32 പ്രതികളെ അറസ്റ്റ് ചെയ്തു. ഫെയ്സ്ബുക്കു പോലു ള്ള സോഷ്യൽ നെറ്റ്വർക്കിങ് സൈറ്റുകളിൽ മറ്റുള്ളവരെ അപകീർത്തിപ്പെടുത്തുന്ന തരത്തിലുള്ള പോസ്റ്റു കളെക്കുറിച്ച് വ്യാപകമായ പരാതികൾ പൊലീസിന് ലഭിക്കുന്നുണ്ട്. ഐടി ആക്റ്റ് പ്രകാരവും ഇന്ത്യൻ ശിക്ഷാനിയമപ്രകാരവും ഇത്തരം കേസുകളിൽ അന്വേഷണം നടത്തി കർശനമായ നിയമനടപടികൾ സ്വീകരിച്ചുവരികയാണെന്നും വി.പി. സജീന്ദ്രൻറെ സബ്മിഷന് മന്ത്രി മറുപടി നൽകി. ഫെയ്സ്ബുക്കിൽ അപമാനിക്കു ന്ന തരത്തിൽ സന്ദേശങ്ങൾ പോ സ്റ്റ് ചെയ്തെന്നാരോപിച്ച് ചിറ്റൂർ സ്വദേശി വിജിത നൽകിയ പരാതിയിൽ തെളിവില്ലെന്ന് ചൂണ്ടിക്കാട്ടിയാണ് ചേരാനല്ലൂർ എസ്ഐ കോടതിയിൽ അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചത്. ബന്ധുവായ രതീഷ് മോഹൻ, ഭർത്താവ് വിനുക്കുട്ടൻറെ സുഹൃത്തായ ശരത്തിൻറെ ഫെയ്സ്ബു ക്ക് പ്രൊഫൈലിൽ പോസ്റ്റ് ചെയ്തതെന്നായിരുന്നു യുവാവിൻറെ പരാതി. എന്നാൽ, ശരത്തിൻറെ പ്രൊഫൈലിൽ അത്തരമൊരു പോസ്റ്റില്ലെന്ന് പൊലീസ് അന്വേഷണത്തി ൽ കണ്ടെത്തി.

തുടർന്ന് യുവതി കോടതിയിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് എസ്ഐ വീണ്ടും അന്വേഷണം നടത്തി കേസ് രജിസ്റ്റർ ചെയ്യേണ്ടതില്ലെന്ന് കോടതിയെ അറിയിച്ചത്. ഇതിനുശേഷം യുവതി തൂങ്ങിമരിക്കുകയായിരുന്നു. പൊലീസ് അന്വേഷണത്തിൽ വീഴ്ചയുണ്ടെ ന്ന് ആരോപണമുയർന്ന സാഹചര്യത്തിൽ സിറ്റി പോലിസ് കമ്മീഷണർ എസ്ഐ വിദ്യാധരകുമാറിനെ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്തതായും ആഭ്യന്തരമന്ത്രി.

# കാൻസർ സെന്ററിനു ബജറ്റിൽ അവഗണന: ജനകീയ പ്രക്ഷോഭം നടത്തും: ജസ്റ്റീസ് കൃഷ്ണയ്യർ

കൊച്ചി: സംസ്ഥാന ബജറ്റിൽ കൊച്ചി കാൻസർ സെന്ററിനും കൊച്ചി മെഡിക്കൽ കോളജിനും തുക വകയിരുത്താത്തതിൽ പ്രതിഷേധിച്ച് വമ്പിച്ച ജനകീയ മുന്നേറ്റവും താലൂക്ക് ഓഫീസ് ധർണയും നടത്തുമെന്ന് ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യർ പത്രസമ്മേളനത്തിൽ അറിയിച്ചു. തിങ്കളാഴ്ച്ച കണയന്നൂർ താലൂക്ക് ഓഫീസിനു സമീപം നടക്കുന്ന ധർണയും ഉപരോധവും ജസ്റ്റീസ് കൃഷ്ണയ്യർ ഉദ്ഘാടനം ചെയ്യും. രാഷ്ട്രീയ, സാഹിത്യ, സാംസ്കാരിക രംഗത്തെ പ്രമുഖർ പങ്കെടുക്കും.

കാൻസർ സെന്ററിനു തുക വകയിരുത്താത്തത് ധാർമിക വഞ്ചനയാണെന്നു ജസ്റ്റീസ് കൃഷ്ണയ്യർ പറഞ്ഞു. അടിയന്തര ആവശ്യങ്ങളെ മാറ്റിനിർത്തി പകരം ഫർണിച്ചർ ഹബിനു കോടികൾ അനുവദിച്ചതിലെ ഔചിത്യവും പരിശോധിക്കേണ്ടതുണ്ട്. ആരോഗ്യകരമായി ജീവിക്കാനുള്ള പൗരന്റെ അവകാശത്തെയാണ് ഇല്ലാതാക്കുന്നത്. ജനജീവിതത്തിനു വേണ്ടി ഗർജിക്കാൻ ജനങ്ങളോട് അഭ്യർഥിക്കുകയാണെന്നും കൃഷ്ണയ്യർ പറഞ്ഞു.

കൊച്ചിയിൽ രാജ്യാന്തര നിലവാരമുള്ള കാൻസർ സെന്റർ വന്നാൽ കാസർഗോഡു മുതൽ തിരുവനന്തപുരം വരെയുള്ളവർക്ക് അതു സഹായകരമാകുമെന്ന് പത്രസമ്മേളനത്തിൽ പങ്കെടുത്ത പ്രഫ. എം.കെ. സാനു ചൂണ്ടിക്കാട്ടി. കൊച്ചിയിലെ കാൻസർ സെന്ററിനു തുക വകയിരുത്തുമെന്നു മുഖ്യമന്ത്രിയും ധനമന്ത്രിയും വാഗ്ദാനം ചെയ്തിരുന്നു. എന്നിട്ടും ഒരു പൈസ പോലും വകയിരുത്താഞ്ഞത് വളരെ ഖേദകരമായിപ്പോയെന്നും അദ്ദേഹം പറഞ്ഞു. ഡോ. കെ.ആർ. വിശ്വംഭരൻ, ഡോ. സനിൽകുമാർ എന്നിവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.

## ദീർഘ സമയം ഉച്ചഭക്ഷണ ഇടവേള എടുക്കുന്നവർക്ക് സസ്പെൻഷൻ : മുഖ്യമന്ത്രി

ഉത്തർപ്രദേശ്: ദീർഘ സമയം ഉച്ചഭക്ഷണ ഇടവേള എടുക്കുന്നവർക്ക് സസ്പെൻഷൻ നൽകുമെന്ന് ഉദ്യോഗസ്ഥർക്ക് ഉത്തർപ്രദേശ് മുഖ്യമന്ത്രി അഖിലേഷ് യാദവിന്റെ താക്കീത്. ഓഫീസ് സമയത്ത് ഹാജരാകാതിരിക്കുകയോ ദീർഘനേരം ഉച്ചഭക്ഷണ ഇടവേളയെടുക്കുകയോ ചെയ്യുന്നവർക്ക് സസ്പെൻഷൻ നൽകുമെന്നാണ് ഉത്തർപ്രദേശ് സർക്കാർ അറിയിച്ചിരിക്കുന്നത്. ഉദ്യോഗസ്ഥർ ഓഫീസ് സമയത്തുപോലും ഹാജരാകാതിരിക്കുന്നതിന്റെ പശ്ചാത്തലത്തിൽ സർക്കാരിന്റെ മറുപടി ആരാഞ്ഞ റിപ്പോർട്ടർമാരോട് മറുപടി പറയുകയായിരുന്നു അദ്ദേഹം. ഉച്ചഭക്ഷണത്തിനുള്ള ഇടവേളസമയത്ത് ഉദ്യോഗസ്ഥർ വീട്ടിലേക്ക് പോകരുതെന്നും മറിച്ച് പ്രവർത്തിക്കുന്നവർക്കെതിരെ നടപടിയെടുക്കുമെന്നും നേരത്തെ ഉത്തർപ്രദേശിലെ പി.ഡബ്ല്യു.ഡി മന്ത്രി ശിവ്പാൽ യാദവ് പറഞ്ഞിരുന്നു. അതേസമയം അഖിലേഷിന്റേത് ഗൗരവപരമായ ഇടപെടലല്ലെന്നും പ്രചാരത്തിനുള്ള വേണ്ടി പ്രസ്താവനയാണിതെന്നുമാണ് ബി.ജെ.പി വക്താവ് വിജയ് ബഹദൂർ പതാക് പറഞ്ഞത്.

## അങ്കമാലി മർച്ചന്റ്സ് യൂണിയൻ

അങ്കമാലി: അങ്കമാലി മർച്ചന്റ്സ് യൂണിയന്റെ സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം ഇന്നു നടക്കും. ഹോട്ടൽ ജിബി പാലത്ത് വൈകുന്നേരം അഞ്ചിനു ജൂബിലി വർഷ പ്രവർത്തനോദ്ഘാടനം വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ പ്രസിഡന്റ് പി.എ.എം. ഇബ്രാഹിം നിർവഹിക്കും. ജീവകാരുണ്യനിധിയുടെ ഉദ്ഘാടനം ജില്ലാ ജനറൽ സെക്രട്ടറി പി.സി. ജേക്കബും, റോസരി ഡിവൈൻ പാലിയേറ്റീവ് ട്രസ്റ്റിനു മാസം തോറും സഹായം നൽകുന്ന പദ്ധതിയുടെ ഉദ്ഘാടനം സ്ഥാപക പ്രസിഡന്റ് കെ.എ. ദേവസിക്കുഞ്ഞും നിർവഹിക്കും. സംഘടനയുടെ ഡയറക്ടറി ജില്ലാ സെക്രട്ടറി ജോജി പീറ്റർ പ്രകാശനം ചെയ്യും. മേഖലാ പ്രസിഡന്റ് പി.എ. തോമസ് ജീവകാരുണ്യനിധി സ്വീകരിക്കും. യൂത്ത് വിംഗിന്റെ പ്രവർത്തനോദ്ഘാടനം യൂത്ത്വിംഗ് ജില്ലാ പ്രസിഡന്റ് സനോജ് സ്റ്റീഫൻ നിർവഹിക്കും. ജൂബിലിയോടനുബന്ധിച്ച് ഒരു വർഷം നീണ്ടുനിൽക്കുന്ന കർമപരിപാടികൾക്കാണ് രൂപം നൽകിയിരിക്കുന്നതെന്ന് യൂണിറ്റ് പ്രസിഡന്റ് എം.യു. മാർട്ടിൻ, ജില്ലാ വൈസ് പ്രസിഡന്റ് കെ.എ. ദേവസിക്കുഞ്ഞ്, ജനറൽ സെക്രട്ടറി മാർട്ടിൻ കെ. ജയിംസ് എന്നിവർ അറിയിച്ചു.

# അന്യസംസ്ഥാന തൊഴിലാളികളിൽ ക്രിമിനലുകൾ വർധിക്കുന്നു

പ്രീതം ആർ

കലൂർ: അന്യസംസ്ഥാന തൊഴിലാളികൾക്കിടയിൽ ക്രിമിനലുകൾ വർധിക്കുന്നു. കഴിഞ്ഞദിവസം വരാപ്പുഴ ഒളനാട്ടിൽ പോലീസ് നടത്തിയ റെയ്ഡിൽ ഒളിവിൽ കഴിയുകയായിരുന്ന രണ്ട് ക്രിമിനലുകളെ പിടികൂടിയിരുന്നു. തമിഴ്നാട്ടിൽ നടന്ന ആക്രമണത്തിനു നേതൃത്വം നൽകിയ സംഘമാണ് ഒളനാട്ടിൽ അന്യസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന വീടുകളിൽ കഴിഞ്ഞിരുന്നത്. ഇവർ ഉപയോഗിച്ചിരുന്ന മൊബൈൽ ഫോൺ വഴി പ്രതികളെ തേടി പോലീസ് എത്തിയപ്പോൾ ക്രിമിനൽ സംഘം താമസ സ്ഥലത്തു നിന്നും മാറിനിന്നു. ഇതേത്തുടർന്ന് പോലീസ് അന്യസംസ്ഥാന തൊഴിലാളികളുടെ ഫോൺ പരിശോധിക്കുന്നതിനിടെ ക്രിമിനലുകൾ അവരുടെ കയ്യിലുണ്ടായിരുന്ന ഫോൺ വലിച്ചെറിഞ്ഞു കളഞ്ഞു.

പോലീസ് തിരിച്ചുപോയപ്പോൾ വലിച്ചെറിഞ്ഞ ഫോൺ അന്യസംസ്ഥാന തൊഴിലാളികൾ എടുക്കുന്നതു നാട്ടുകാർ കണ്ടതിനെ തുടർന്ന് വിവരം പോലീസിനെ അറിയിച്ചു. ഇതേത്തുടർന്ന് പോലീസ് വീണ്ടും വന്ന് അന്യസംസ്ഥാന തൊഴിലാളികളെയും അവർ ഉപയോഗിച്ചിരുന്ന ഫോണും പിടിച്ചെടുക്കുകയായിരുന്നു.

വരാപ്പുഴ മേഖലയിലെ നിരവധി സ്ഥലങ്ങളിൽ അന്യസംസ്ഥാന തൊഴിലാളികൾ താമസിക്കുന്നുണ്ട്. ഇവർക്ക് വ്യക്തമായ മേൽവിലാസമില്ല. തിരിച്ചറിയൽ കാർഡുമില്ല. ഇവരിൽ പലരും അന്യസംസ്ഥാനങ്ങളിൽ പോലീസ് അന്വേഷിച്ചുവരുന്ന ക്രിമിനലുകൾ ആണ്. കെട്ടിടത്തിന്റെ ഉടമകൾ മതിയായ രേഖകൾ പരിശോധിക്കാതെയാണ് താമസിപ്പിക്കുന്നതെന്നു പറയപ്പെടുന്നു.

## വിലക്കയറ്റത്തിനെതിരെ കലമുടച്ച് പ്രതിഷേധം

വല്ലാർപാടം: പാചക വാതകത്തിന്റെയും നിത്യോപയോഗ സാധനങ്ങളുടെയും വിലക്കയറ്റത്തിനെതിരെ കേരള പ്രതികരണ സമിതിയുടെ നേതൃത്വത്തിൽ കണയന്നൂർ താലൂക്ക് ഓഫിസിനു മുൻപിൽ കലം ഉടച്ചു പ്രതിഷേധം നടന്നു. ചെയർമാൻ എൻ.ജി ശിവദാസ് ഉദ്ഘാടനം ചെയ്തു. ഹോട്ടലുകളിൽ അമിത വില ഇടാക്കുന്നത് തടയുക, വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുക എന്നീ ആവശ്യങ്ങളും സമരക്കാർ ഉന്നയിച്ചു. അബ്ദുൾ ഖാദർ, കെ.എ. ലാസർ, കെ.എസ്. രാജൻ, വി.കെ. സുനിൽകുമാർ, പി. കെ. ബാഹുലേയൻ, ടി.പി. സമ്മേൾ, ബെന്നി വട്ടത്തറ, സതീഷ് ഞാറയ്ക്കൽ, പി.എ. പ്രമോദ്, മൈക്കിൾ എന്നിവർ പ്രസംഗിച്ചു.

## കുണ്ടന്നൂരിലെ ഫ്ളൈഓവർ നിർമ്മിക്കണം : സി.എം. ദിനേശ്മണി

മരട്: മൂന്നു ദേശീയപാതകൾ സംഗമിക്കുന്ന ജംക്ഷനായ കുണ്ടന്നൂരിലെ ഫ്ളൈഓവർ സംസ്ഥാന സർക്കാർ തീരുമാനം എടുത്താൽ നടപ്പാക്കാവുന്നതേയുള്ളൂ എന്ന് സിപിഎം ജില്ലാ സെക്രട്ടറി സി.എം. ദിനേശ്മണി. കുണ്ടന്നൂർ കവലയിൽ ഫ്ളൈഓവർ പണിയണമെന്നാവശ്യപ്പെട്ട് സിപിഎം മരട് ഈസ്റ്റ് ലോക്കൽ കമ്മിറ്റി നടത്തിയ ശ്രദ്ധക്ഷണിക്കൽ സമരം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അനാവശ്യമായി പാലങ്ങൾ പണിയുന്ന സർക്കാരിനു ഫ്ളൈഓവറുകൾക്കു പണം കണ്ടെത്താനാവുന്നില്ല എന്നതു വിചിത്രമാണെന്നും അദ്ദേഹം പറഞ്ഞു. നഗരസഭാ പ്രതിപക്ഷ നേതാവ് പി.കെ. രാജു അധ്യക്ഷത വഹിച്ചു.

## മീഡിയ ഫെസ്റ്റ് 'സിം 2014

കൊച്ചി : കേരള പ്രസ് അക്കാദമി വിദ്യാർഥികൾ സംഘടിപ്പിക്കുന്ന മീഡിയ ഫെസ്റ്റ് 'സിം 2014 ഫെബ്രുവരി ഏഴു മുതൽ ഒൻപതു വരെ കാക്കനാട് പ്രസ് അക്കാദമി ക്യാംപസിൽ. ഏഴിനു രാവിലെ 9.30ന് കേന്ദ്രമന്ത്രി കെ.വി. തോമസ് ഉദ്ഘാടനം ചെയ്യും. മന്ത്രി കെ.സി. ജോസഫ്, ഡോ. എം. ലീലാവതി, ഗ്വാണ്ടനാമോ ജയിൽ സന്ദർശിച്ചു റിപ്പോർട്ട് ചെയ്ത ഏക ഏഷ്യൻ മാധ്യമ പ്രവർത്തകനായ 'ദ് വീക്ക് വാരികയുടെ സ്പെഷൽ കറസ്പോണ്ടന്റ് സയ്യിദ് നസാക്കത്ത് എന്നിവർ പ്രസംഗിക്കും. കേരളത്തിലെ വിവിധ മാധ്യമ പരിശീലന സ്ഥാപനങ്ങളിൽനിന്നുള്ള വിദ്യാർഥികൾ മീഡിയ ഫെസ്റ്റിൽ പങ്കെടുക്കും.

# ഓട്ടോറിക്ഷകളിൽ മീറ്റർ ചാർജ് മാത്രമേ നൽകാവൂ: ഡപ്യൂട്ടി കമ്മീഷണർ

കൊച്ചി: നഗരത്തിൽ പരിശോധന കർശനമാക്കിയതിനെ തുടർന്ന് ഭൂരിപക്ഷം ഓട്ടോറിക്ഷകളും മീറ്റർ പ്രവർത്തിപ്പിച്ചു തുടങ്ങിയതായി ഡപ്യൂട്ടി കമ്മീഷണർ മുഹമ്മദ് റഫീക് പറഞ്ഞു. ആയിരത്തോളം ഓട്ടോറിക്ഷകൾ പരിശോധിച്ചതിൽ നൂറോളം ഓട്ടോറിക്ഷകൾ മാത്രമാണ് മീറ്റർ പ്രവർത്തിപ്പിക്കാത്തതായി കണ്ടതെന്നാണു സിറ്റിയിലെ സബ് ഇൻസ്പെക്ടർമാർ റിപ്പോർട്ടു ചെയ്തിരിക്കുന്നത്. മീറ്റർ പ്രകാരമുള്ള ചാർജാണ് ഡ്രൈവർ വാങ്ങുന്നതെന്ന് യാത്രക്കാരാണ് ഉറപ്പുവരുത്തേണ്ടത്. ഇക്കാര്യം സിറ്റിയിലെ ഓട്ടോറിക്ഷയിൽ യാത്ര ചെയ്യുന്നവർ തീരുമാനിച്ചാൽ നിശ്ചയമായും വരും കാലങ്ങളിൽ മുഴുവൻ ഓട്ടോറിക്ഷ ഡ്രൈവർമാരും മീറ്റർ പ്രവർത്തിപ്പിക്കും. അമിത ചാർജ് ഈടാക്കിയതായി പരാതി ലഭിച്ചാൽ കേന്ദ്ര മോട്ടോർ വാഹന ചട്ടം 21 പ്രകാരം ഡ്രൈവറുടെ ലൈസൻസ് റദ്ദാക്കാൻ നടപടി ആരംഭിക്കും.

ഇന്നലെ മൂന്നു പരാതികൾ ലഭിച്ചതിൽ, എളംകുളത്ത് നിന്ന് ഒരു സ്ത്രീ യാത്ര ചെയ്തതിനും, മറ്റൊരാൾ നേവൽ ബേസിൽ നിന്നു കോന്തുരുത്തി വരെ യാത്ര ചെയ്തതിനും, ടൗൺ ഹാൾ മുതൽ പച്ചാളം വരെ യാത്രചെയ്തതിനും മീറ്റർ പ്രവർത്തിപ്പിക്കാതെ അമിത ചാർജ് ഈടാക്കിയ മൂന്നു ഡ്രൈവർമാരുടെ ലൈസൻസ് റദ്ദ് ചെയ്യാനായി ലൈസൻസിംഗ് അധികാരിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. മീറ്റർ പ്രവർത്തിപ്പിക്കാത്തതിനു പിടിക്കപ്പെടുന്ന ഡ്രൈവർമാരുടെ വിവരങ്ങൾ അതത് സ്റ്റേഷനിൽ കംപ്യൂട്ടറിൽ ഫീഡ് ചെയ്തു സൂക്ഷിക്കും.

ഈ ഡ്രൈവർമാർ വീണ്ടും മീറ്റർ പ്രവർത്തിപ്പിക്കാതെ കാണപ്പെട്ടാൽ അവരുടെ പെർമിറ്റ് റദ്ദു ചെയ്യും. ഓട്ടോറിക്ഷാ യൂണിയൻ നേതാക്കളുടെ ആവശ്യപ്രകാരം കോർപറേഷൻ അതിർത്തി അഞ്ചു കിലോമീറ്റർ ദൂരം വരുന്ന രണ്ടോ മൂന്നോ മേഖലകളായി തിരിച്ച് ദൂരപരിധി നിശ്ചയിക്കുന്ന കാര്യം മോട്ടോർ വാഹന വകുപ്പ്, കൊച്ചി കോർപറേഷൻ അധികാരികളുമായി കൂടിയാലോചിച്ച് തീരുമാനം എടുക്കും.

അമിത ചാർജ് ഈടാക്കുന്നതായി പരാതി ഉണ്ടെങ്കിൽ ഓട്ടോറിക്ഷയുടെ രജിസ്ട്രേഷൻ നമ്പറും തിയതിയും സ്ഥലവും സമയവും കാണിച്ച് 9497990067, 9497990068, 9497987099, 9497987100, 9497987102, 9797996986 എന്നീ നമ്പറുകളിൽ എസ്എംഎസ് വഴിയോ ഫോൺ മുഖേനയോ പരാതിപ്പെട്ടാൽ 24 മണിക്കൂറിനകം അന്വേഷിച്ച് നടപടി എടുക്കുമെന്നും ഡപ്യൂട്ടി കമ്മീഷണർ അറിയിച്ചു.

## ഹൃദ്രോഗചികിത്സാരംഗത്ത് പുതുചുവടുകളുമായി പഴങ്ങനാട് സമരിറ്റൻ ആശുപത്രി

കിഴക്കമ്പലം: പഴങ്ങനാട് സമരിറ്റൻ ആശുപത്രിയിൽ ആധുനിക സൗകര്യങ്ങളോടെ ഹൃദ്രോഗ ചികിത്സയ്ക്കായുള്ള ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ടിന്റെയും ഒപി ബ്ലോക്കിന്റെയും പ്രവർത്തനം ഫെബ്രുവരി ആദ്യവാരം ആരംഭിക്കും. ആശുപത്രി കവാടത്തോടു ചേർന്നുള്ള 45000 ചതുരശ്രയടിയിൽ പണിതീർത്ത പുതിയ ബ്ലോക്കിലാണ് ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ടിന്റെയും ആശുപത്രിയുടെ ഒപി, ക്യാഷ്വാലിറ്റി, ഡെന്റൽ വിഭാഗങ്ങളുടെയും പ്രവർത്തനം നടക്കുന്നത്. പ്രൈമറി ആൻജിയോപ്ലാസ്റ്റി സ്റ്റെന്റിങ്ങ് തുടങ്ങിയ ഹൃദ്രോഗചികിത്സകൾ നൽകാൻ കഴിയുന്ന സംവിധാനം ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ടിൽ ഉണ്ടാകും. ആധുനിക കാത്ത്ലാബ്, നവീകരിച്ച തീവ്രപരിചരണ വിഭാഗം തുടങ്ങി ഒട്ടേറെ സംവിധാനങ്ങളുള്ള ഈ ഇൻസ്റ്റിറ്റ്യൂട്ടിൽ വൈകാതെ തന്നെ ഹൃദയ ശസ്ത്രക്രിയകളും ആരംഭിക്കുമെന്ന് ആശുപത്രി ഡയറക്ടർ സിസ്റ്റർ കർമലത വാർത്താസമ്മേളനത്തിൽ അറിയിച്ചു.

ഹൃദ്രോഗവിദഗ്ധർ, അനെസ്തേഷ്യാവിദഗ്ധർ, സർജൻമാർ, പരിശീലനം ലഭിച്ച നഴ്സിംഗ് പാരമെഡിക്കൽ സ്റ്റാഫ് ടീമിന്റെ സേവനം ഇവിടെ 24 മണിക്കൂറും ലഭിക്കുമെന്നും ഡയറക്ടർ പറഞ്ഞു. പുതിയ ബ്ലോക്കിന്റെ ആശീർവാദകർമം ഫെബ്രുവരി 3ന് കർദിനാൾ മാർ ജോർജ് ആലഞ്ചേരിയും ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ഘാടനം കേന്ദ്ര ഭക്ഷ്യ മന്ത്രി പ്ര?ഫ. കെ.വി തോമസും നിർവഹിക്കും. എംപിമാരായ പി. രാജീവ് , കെ.പി ധനപാലൻ, വി.പി സജീന്ദ്രൻ എംഎൽഎ, ഡോ. കെ വേണുഗോപാൽ, കിഴക്കമ്പലം പഞ്ചായത്ത് പ്രസിഡന്റ് ജോളി ബേബി, ജോസ് ചാക്കോ പെരിയപ്പുറം, അഡ്വ. ജോസ് വിതയത്തിൽ, ഫാ. തോമസ് പെരേപ്പാടൻ തുടങ്ങിയവർ പങ്കെടുക്കും. ചീഫ് കൺസൽട്ടന്റ് കാർഡിയോളജിസ്റ്റ് ഡോ. കോശി ഈപ്പൻ, സിസ്റ്റർ മെറിറ്റ്, ഡോ.ദീപു രാജേന്ദ്രൻ, ഡോ.സജി സുബ്രഹ്മണ്യൻ, ഡോ.വിനോദ് തോമസ്, ഡോ.ബി.സി രഞ്ചുകുമാർ, ഡോ.സജ്ജീവ് തമ്പി തുടങ്ങിയവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.


MEDICAL TRUST HOSPITAL
MG Road, Cochin - 682 016
Tel: Hosp: +91 484 2358001 (11 lines)
Public Relations: +91 484 2358035, Fax: +91 484-2358031
E-mail: info@medicaltrusthospital.org

# സർക്കാർ ഓഫിസുകളിൽ ഉദ്യോഗസ്ഥരില്ല; ജനങ്ങൾ ദുരിതത്തിൽ

പെരുമ്പാവൂർ : വെങ്ങോല പഞ്ചായത്തിൽ വിവിധ സർക്കാർ ഓഫിസുകളിൽ മാസങ്ങളായി ഉദ്യോഗസ്ഥർ ഇല്ലാതായതോടെ ജനങ്ങൾ ദുരിതത്തിലായി. പഞ്ചായത്ത് സെക്രട്ടറി, വില്ലേജ് ഓഫിസർ, വിഇഒ എന്നിവരാണ് ഇല്ലാത്തത്. വിവിധ പദ്ധതികളും വ്യക്തിഗത ആനുകൂല്യ വിതരണവും ഇതുമൂലം അവതാളത്തിലായിരിക്കുകയാണ്. വെങ്ങോലയിൽ ഉണ്ടായ പാറമട ദുരന്തത്തെ തുടർന്നു വില്ലേജ് ഓഫിസറെ സസ്പെൻഡ് ചെയ്ത് ആറു മാസം കഴിഞ്ഞിട്ടും സ്ഥിരം ഓഫിസറെ നിയമിക്കാൻ കഴിഞ്ഞിട്ടില്ല. അറയ്ക്കപ്പടി വില്ലേജ് ഓഫിസർക്കാണു പകരം ചുമതല നൽകിയിരിക്കുന്നത്. എന്നാൽ അറയ്ക്കപ്പടി വില്ലേജ് ഓഫിസറെ സ്ഥലം മാറ്റി അശമന്നൂർ വില്ലേജിൽ നിയമിച്ചു.

വെങ്ങോലയിൽ സസ്പെൻഡ് ചെയ്ത ഓഫിസറെ അറയ്ക്കപ്പടിയിൽ നിയമിക്കുകയും വെങ്ങോല വില്ലേജിന്റെ അധിക ചുമതലകൂടി നൽകുകയും ചെയ്തിരിക്കുകയാണിപ്പോൾ. അറയ്ക്കപ്പടി, വെങ്ങോല വില്ലേജുകളിലായി 50,000 ജനസംഖ്യയുണ്ട്. രണ്ടു വില്ലേജുകളിലെയും ചുമതല കാര്യക്ഷമമായി ഒരു ഓഫിസർക്ക് നിർവഹിക്കാൻ കഴിയില്ല. വെങ്ങോലയിൽ സ്ഥിരം വില്ലേജ് ഓഫിസറെ നിയമിക്കാത്തതിൽ ജനകീയ പ്രതിഷേധം ശക്തമാണ്.

പഞ്ചായത്ത് ഓഫിസിൽ സെക്രട്ടറിയില്ല. കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ ഒൻപതു സെക്രട്ടറിമാരാണു സ്ഥലം മാറിപ്പോയത്. ഏറ്റവും ഒടുവിൽ സെക്രട്ടറി പോയിട്ട് ഒരു മാസത്തിലധികമായി. സെക്രട്ടറി ഇല്ലാത്തതിനാൽ തൊഴിലുറപ്പ് തൊഴിലാളികൾ കഴിഞ്ഞ ദിവസം പഞ്ചായത്ത് ഓഫിസ് ഉപരോധിച്ചിരുന്നു. നാലു മാസമായി തൊഴിലുറപ്പ് തൊഴിലാളികളുടെ കൂലി കുടിശികയാണ്. പഞ്ചായത്തിലെ രണ്ടു ഗ്രാമസേവകൻമാരെയും ഒന്നിച്ചുസ്ഥലം മാറ്റി. പുതിയ നിയമനം നടത്തിയെങ്കിലും ഒരു വിഇഒ നീണ്ട അവധിയിൽ പോയി. ഇതോടെ വിഇഒ ഓഫിസ് പ്രവർത്തനവും അവതാളത്തിലായി. സാമ്പത്തിക വർഷം അവസാനിക്കാൻ രണ്ടു മാസമുള്ളപ്പോൾ വിഇഒമാർ ഇല്ലാത്തതു പഞ്ചായത്തിന്റെ വ്യക്തിഗതാനുകൂല്യ വിതരണത്തെ ബാധിച്ചിരിക്കുകയാണ്.

സർക്കാർ നിർദേശ പ്രകാരം പഞ്ചായത്ത് നടപ്പാക്കിയ സമ്പൂർണ പെൻഷൻ പദ്ധതിയും ലക്ഷ്യത്തിലെത്തിയില്ലെന്നും ആക്ഷേപമുണ്ട്.

Hindustan Granite
N.H. Bye pas, Near Ahalia Hospital
Puthiya Road Jn. Palarivattom P.O.,
COCHIN - 25, Ph: 0484-2347269
email : hindustangran@gmail.com
Ph: 0484 2347269, 9249509269
Dealers in : Granite Slabs, Tiles & All Natural Stones

## 2011 മേയ് മാസത്തിനു ശേഷം 52 കർഷകർ ആത്മഹത്യ ചെയ്തു

തിരുവനന്തപുരം: 2011 മേയ് മാസത്തിനുശേഷം സംസ്ഥാനത്ത് ആകെ 52 കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ടെന്ന് കൃഷിമന്ത്രി കെ.പി.മോഹനൻ നിയമസഭയിൽ പറഞ്ഞു. ഏറ്റവും കൂടുതൽ കർഷക ആത്മഹത്യ വയനാട് ജില്ലയിലാണ്26 പേർ. പാലക്കാട് ഒൻപത്, കണ്ണൂർ ആറ്, കാസർഗോഡ് മൂന്ന്, തിരുവനന്തപുരം, ആലപ്പുഴ, തൃശൂർ എന്നിവിടങ്ങളിൽ രണ്ടു പേർ വീതവും ആത്മഹത്യചെയ്തു.

## അറബിക്കല്യാണം ഇപ്പോഴും : മന്ത്രി എം.കെ മുനീർ

തിരുവനന്തപുരം: അറബിക്കല്യാണവും ശൈശവവിവാഹവും ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ഇപ്പോഴും തുടരുന്നതായി മന്ത്രി എം.കെ മുനീർ നിയമസഭയിൽ എം. ചന്ദ്രൻ, ഇ.പി ജയരാജൻ, കെ.വി അബ്ദുൾഖാദർ, ആർ. രാജേഷ് എന്നിവരെ അറിയിച്ചു. തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശൂർ ഇടുക്കി പാലക്കാട് കണ്ണൂർ മലപ്പുറം ജില്ലകളിൽ നിന്നുമാണ് ശൈശവവിവാഹങ്ങൾ നടത്താനുള്ള ശ്രമങ്ങൾ നടന്നിട്ടുള്ളത്. അത് തടഞ്ഞിട്ടുള്ളതായും റിപ്പോർട്ടുകൾ ലഭിച്ചു. ഇതുമായി ബന്ധപ്പെട്ട് 28 കേസുകൾ ഈ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്















കൂടുതൽ വാർത്തകൾക്ക് സന്ദർശിക്കു
www.gramajyothi.com
Accredited Online News Channel









RNI. No. KERMAL 32852, Printed by K.R. Ratheesh, Published by K.R. Ratheesh, On behalf of or Owned by K.K. Ravi Printed at Ahalya Printers (on behalf of Ravi Printers Kottyam) and published at VI/139, Kulathinkal Bldgs, Purapuzha P.O., Thodupuzha, Idukki Dist - 685 583, Editor: K.R. Ratheesh ( Editor Responsible for news selection of news under PRB Act) Ph:04862- 274497, 9747963157 Postal Reg. No. KL/IDK/18/12-14 Member : ILNA
Head Office: Opp. Idukki Press Club, Muvattupuzha Road, THODUPUZHA Email : gramajyothitdpa@gmail.com **KOCHI :** Puthiya Road, Palarivattom - gramajyothikochi@gmail.com, Ph : 9497171100
**Daily Online Edition : www.gramajyothi.com**